# കാർമ്മേൽ

ഏപ്രിൽ 1956

ത്രൈമാസിക



# CARMEL

QUARTERLY

APRIL 195

# കാർമ്മൽ

വർഷം 9 പു. 9 | ഏപ്രിൽ 1956 | ലക്കം 2

## ആ വ്യക്തിവിലാസം

സൈമൺ പീററർ ക്രിസ്തുവിൻെറ പന്ത്രണ്ടു ശിഷ്യന്മാരിൽ പ്രമുഖനായിരുന്നു. സൈമൺ മരിച്ചു പോയി; പീററർ ഇന്നും ജീവിക്കുന്നു, തൻെറ പിൻഗാമിയിൽ. ഇദ്ദേഹത്തെയാണു് നാം മാർപ്പാപ്പായെന്നു വിളിക്കുന്നതു്. മാർപ്പാപ്പാസ്ഥാനം ലോകാവസാനംവരെ നിലനിൽക്കാനുള്ള ദൈവസ്ഥാപനമെങ്കിലും, മർത്ത്യനായ ഒരു വ്യക്തിയായിരിക്കും അതെപ്പോഴും അലങ്കരിക്കുന്നതു്.

ലക്ഷോപലക്ഷങ്ങളെ ഭരിക്കാനായി ദൈവപരിപാലനയാൽ വിശേഷവിധമായി തിരഞ്ഞെടുക്കപ്പെടുന്ന ഈ വ്യക്തി അനന്യസാധാരണങ്ങളായ ഗുണവിശേഷങ്ങൾ ഉള്ളവനാകാതിരിക്കയില്ല. വിശുദ്ധി, പാണ്ഡിത്യം, ഭരണശേഷി, രാജ്യതന്ത്രനിപുണത എന്നിത്യാദി ഗുണങ്ങളിൽ ഏതിലെങ്കിലും മികച്ചവരെ മാത്രമേ സാമാന്യമായി ഏതു കാലത്തും പത്രോസിൻെറ സിംഹാസനത്തിൽ കണ്ടിട്ടുള്ളുവെന്നു ചരിത്രം സാക്ഷിക്കുന്നു. നാളിതുവരെ ദിവംഗതരായിട്ടുള്ള 261 മാർപ്പാപ്പാമാരിൽ 84 പേരുണ്ടു് വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കപ്പെട്ടവർ. അവരിൽ ചിലർ സാർവത്രികസഭയിലെ മല്പാന്മാരും ആകുന്നു. തൻെറ മുൻഗാമികളെ പല വിധത്തിലും വെല്ലുന്ന വ്യക്തിവിലാസമാണു് ഇന്നു ഭാഗ്യമോടെ വാഴുന്ന പന്ത്രണ്ടാം പീയൂസ് തിരുമേനിയിൽ പ്രശോഭിക്കുന്നതു്.

ദൈവദൂതസന്നിഭനായ അവിടുത്തെ സുകൃതപൗഷ്കല്യം, അഗാധമായ പാണ്ഡിത്യം, രാജ്യതന്ത്രനിപുണത, പ്രസംഗചാതുര്യം, ഭാഷാനൈപുണ്യം, വിശാലവീക്ഷണം, പുരോഗമനമനോഭാവം, പ്രവൃത്യന്മുഖമായ ദീനാനുകമ്പ ഇവയെല്ലാം അവിടുത്തെ വ്യക്തിവിലാസത്തിൻെറ വിവിധ വശങ്ങളാണു്. എന്നാൽ ഇവയൊന്നുമല്ല, അതിൻെറ ഹൃദയാവർജ്ജകതയുടെ നിദാനം.

സകലരേയും ഹഠാദാകർഷിക്കുന്ന തിരുമനസ്സിലെ വിജയരഹസ്യം അവിടുത്തെ കൃശഗാത്രത്തിൽ

COVER
His Excellency
The Rt. Rev. Dr. Vincent V. Dereere, O. C. D.,
Bishop of Trivandrum
accompanied by
The Very Rev. Fr. Thomas of S. Heart, O. C. D.
IV. Def. General
in audience with
HIS HOLINESS POPE PIUS XII

ഒളിഞ്ഞിരിക്കുന്ന സ്വർണ്ണഹൃദയമല്ലാതെ മറ്റൊന്നുമല്ല. മനുഷ്യന്റെ വില ഹൃദയത്തിന്റെ വിലയത്രേ, നാണയത്തിന്റെ വില ലോഹത്തിന്റേതുപോലെ. ഇപ്പോഴത്തെ പ. പിതാവിന്റെ ഹൃദയം അന്യാദൃശമായ വിധത്തിൽ സ്നേഹമസൃണവും വിശാലവുമാണ്. സ്നേഹം പ്രകൃത്യാ ഹൃദയത്തെ വികസിപ്പിക്കുന്നു. അതിരില്ലാതെ ദൈവത്തേയും മനുഷ്യരേയും സ്നേഹിക്കുന്ന ഹൃദയം ഒരു വിധത്തിൽ അനന്തമാണ്. നമ്മുടെ പ. പിതാവിന്റെ ഗുണവിശേഷം ഇതത്രേ. പതിനേഴു കൊല്ലങ്ങൾക്കുമുമ്പ് നടന്ന തന്റെ കിരീടധാരണാവസരത്തിൽ റോമായിലെ സെയ്ന്റ് പീറ്റേഴ്സ് സ്ക്വയറിൽ തടിച്ചുകൂടിയിരുന്ന അനേകസഹസ്രം ആളുകളെ അഭിമുഖീകരിച്ചുകൊണ്ടു് പ. പിതാവുചെയ്ത ആദ്യപ്രസംഗത്തിൽ ഈ വസ്തുത സുതരാം വെളിപ്പെടുത്തിയിട്ടുണ്ടു്. അന്നു തനിയ്ക്കനുഭവപ്പെട്ട ലോകൈക പിതൃത്വത്തിന്റെ ഹൃദയസ്പന്ദനങ്ങൾ മറച്ചുവെയ്ക്കുന്നതിന് തിരുമേനി അശക്തനായിരുന്നു. ജനസഹസ്രങ്ങളെ വർണ്ണവർഗ്ഗഭേദമെന്യേ തന്റെ വിരിമാറിലേക്കണച്ചാശ്ലേഷിക്കാനെന്നപോലെ ഇരു കരങ്ങളും വിരിച്ചു് അവിടുന്നു് നിൽക്കുന്ന കാഴ്ച കണ്ടാൽ ഈശോയുടെ തിരുഹൃദയത്തിന്റെ സജീവപ്രതിമയാണെന്നു തോന്നിപ്പോകും. വാസ്തവത്തിൽ തന്റെ പ്രതിപുരുഷനായ തിരുമേനിക്ക് സകല മനുഷ്യരേയും സ്നേഹിക്കുകയും രക്ഷിക്കാനാഗ്രഹിക്കുകയും ചെയ്യുന്ന ക്രിസ്തുനാഥൻ കടല്ക്കരയിലെ മണൽപ്പരപ്പുപോലെ വിശാലമായ ഒരു ഹൃദയം നൽകിയതിൽ വിസ്മയിക്കാനില്ല. പ. പിതാവിന്റെ ഹൃദയമേന്മ ആളുകൾക്കനുഭവപ്പെടുന്നതു് അവിടുത്തോടുള്ള കൂടിക്കാഴ്ചയുടെ അവസരങ്ങളിലാണ്.

റോമായിൽ ചെല്ലുന്ന ആർക്കും മാപ്പാപ്പായെക്കാണാൻ പ്രയാസമില്ല. കത്തോലിക്കർക്കെന്നപോലെ അകത്തോലിക്കർക്കും, അക്രൈസ്തവർക്കുപോലും അവിടുന്നു സ്വാഗതം അരുളുന്നു. കർദ്ദിനാളന്മാർ, മെത്രാന്മാർ, രാജാക്കന്മാർ, രാജ്യപ്രതിനിധികൾ മുതലായവർക്കു നൽകുന്ന രഹസ്യസന്ദർശനങ്ങൾക്കു പുറമേ, അനേകായിരം ആളുകളെയാണ് പ. പിതാവു് ആഴ്ചതോറും അഭിമുഖീകരിച്ചുകൊണ്ടിരിക്കേണ്ടതു്. തീർത്ഥകർ, വേലക്കാർ, യുവമിഥുനങ്ങൾ, വൈദികർ, വൈദിക വിദ്യാർത്ഥികൾ, സന്യാസസഭക്കാർ, മിഷ്യനറിമാർ, കത്തോലിക്കാ സംഘടനാംഗങ്ങൾ, കുട്ടികൾ, ശാസ്ത്രജ്ഞന്മാർ, മത്സരക്കളിക്കാർ എന്നിപ്രകാരം വകുപ്പുകൾ തിരിച്ചും അവിടുന്നു് ആളുകളെ കാണാറുണ്ടു്. ചിലപ്പോൾ നാലായിരവും അയ്യായിരവും വരുന്ന പുരുഷാരമായിരിക്കും അവിടുത്തെ ആകാംക്ഷയോടെ പ്രതീക്ഷിച്ചുകൊണ്ടു് വിസ്തൃതമായ വത്തിക്കാൻ ഹാളുകളിൽ നിൽക്കുന്നതു്.

ഇരുട്ടിൽ വെളിച്ചം പ്രകാശിക്കുന്ന പ്രതീതിയാണ് ആളുകൾക്കുണ്ടാകുന്നതു്, ശുഭ്രവസ്ത്രധാരിയായ മാപ്പാപ്പാ അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുമ്പോൾ. എൺപതു വയസ്സായെങ്കിലും വൃദ്ധസഹജമായ മന്ദതയും ക്ഷീണവുമല്ല, യുവാവിന്റെ പ്രസരിപ്പും ഉന്മേഷവുമാണ് പന്ത്രണ്ടാം പീയൂസിന്റെ നടപ്പിലും വാക്കിലും ഉടനെ ആരും ദർശിക്കുക. അവിടുത്തെ അസാധാരണമായ കൃശഗാത്രതമൂലം ആദ്യകാലത്തെ ശരീരലാഘവത്വം ഒട്ടും നഷ്ടപ്പെട്ടിട്ടില്ല. ആറടി മൂന്നിഞ്ചുയരമുള്ള ആൾക്ക് കേവലം 128 റാത്തൽ തൂക്കമേയുള്ളു എന്നു വെച്ചാൽ അയാളുടെ ശരീരം എത്ര ശോഷിച്ചിരിക്കുമെന്നൂഹിക്കാമല്ലോ. ദിവസം പതിനെട്ടു മണിക്കൂർ ജോലിചെയ്യുന്ന പന്ത്രണ്ടാം പീയൂസ് മാപ്പാപ്പായുടെ ശക്തി ഈ സാധുശരീരത്തിൽ നിന്നാവില്ല; അവിടുത്തെ ആത്മാവിന്റെ നിത്യ യൗവ്വനമാണ് അതിനടിസ്ഥാനം. ഈ ആത്മശക്തിയും ആത്മഗുണങ്ങളും ഒരു കണ്ണാടിയിലെന്നപോലെ അവിടുത്തെ ശരീരത്തിൽ കൂടി പ്രതിഫലിക്കുന്നു. വാനാരൂപിക്കടുത്ത എന്തോ പന്ത്രണ്ടാം പീയൂസ് മാപ്പാപ്പായുടെ ദർശനത്തിൽ അനുഭവപ്പെടുന്നു എന്നു കാണികൾ അഭിപ്രായപ്പെടാറുണ്ടു്. അവിടുത്തെ സാന്നിദ്ധ്യം സൂര്യപ്രകാശവും, മന്ദസ്മിതം ചന്ദ്രരശ്മിയും, വാക്കുകൾ തീജ്ജ്വാലയും ആകുന്നു. മനുഷ്യസ്വരം ഉപയോഗിച്ചാണവിടുന്നു തങ്ങളോടു സംഭാഷിക്കുന്നതെന്ന് ആഞ്ജലിബദ്ധരായ തീർത്ഥകർ ഗ്രഹിക്കുന്നതു് ആദ്യത്തെ ആത്മസംഭ്രമം കഴിയുമ്പോഴത്രേ അപ്പോൾ കേൾക്കാം തങ്ങളുടെ സ്വന്തഭാഷയിൽ യാതൊരു തടസ്സവും കൂടാതെ തിരുമേനി തങ്ങളോടു സംസാരിക്കുന്നതു്. അവിടുത്തെ അധരങ്ങളും നാവും ഒമ്പതോളം ഭാഷകളുടെ ഉച്ചാരണനിയമങ്ങൾക്ക് എളുപ്പം വഴങ്ങിക്കൊടുക്കുന്നു. വിവിധ രാജ്യങ്ങളിൽനിന്നു് ജറുസലമിൽ കൂടിയിരുന്ന നിരവധി ജനങ്ങൾ തങ്ങളുടെ ഭാഷ

യിൽ വി. പത്രോസ് പ്രസംഗിക്കുന്നതുകേട്ടപ്പോൾ ആശ്ചര്യപ്പെട്ട ദൈവത്തെ മഹത്വപ്പെടുത്തിയതായി നാം അപ്പോസ്തലന്മാരുടെ നടപടികളിൽവായിക്കുന്നു. ഇതുപോലുള്ള ഒരനുഭവമാണ് റോമായിൽ തടിച്ചു കൂടുന്ന ആളുകൾക്കും ഉണ്ടാകുന്നതു്.

തങ്ങളുടെ പൊതുതാതൻ തങ്ങളുടെ സ്വന്തം ഭാഷയിൽ അഭിവാദ്യം ചെയ്യുന്നതു കേൾക്കുമ്പോൾ ദൂരദേശത്തു നിന്നുവരുന്ന തീത്ഥജനങ്ങൾ സന്തോഷാശ്രുക്കളിൽ നിമഗ്നരായി, ഇതരകാര്യങ്ങളെല്ലാം വിസ്മരിച്ചുകൊണ്ടു് പ. പിതാവിനെ മാത്രം നിർന്നിമേഷരായി ഉററുനോക്കി ദീർഘനേരം അങ്ങു നിന്നുപോകുന്നു. ഹൃദയം തുളച്ചുകയറുന്നതെങ്കിലും, സൗമ്യമായ അവിടുത്തെ നോട്ടവും, പൂനിലാവുപോലെ മനംകുളർപ്പിക്കുന്ന അവിടുത്തെ പുഞ്ചിരിയും, സ്നേഹം തുളുമ്പുന്ന ചേഷ്ടകളും ഹൃദയാവർജ്ജകങ്ങളായ വാക്കുകളും പിതാവിനെയും പുത്രരേയും കൂടുതൽ കൂടുതൽ അടുപ്പിക്കുകയത്രേ ചെയ്യുന്നതു്, കൂടിക്കാഴ്ചയുടെ ഓരോ നിമിഷം മുമ്പോട്ടുപോകുന്തോറും. തീർത്ഥകരിൽ ഓരോരുത്തരും പ. പിതാവിനോടെന്തെങ്കിലും പറയാൻ ആഗ്രഹിക്കുന്നതുപോലെ, പ. പിതാവിനും അവരോരോരുത്തരോടും എന്തോ പറയാനുള്ളതുപോലെയാണ് അവിടുന്നു അവരെ സമീപിക്കുന്നതു്. അടുത്തു നിൽക്കുന്നവർ അറിയിക്കുന്നതു് അവിടുന്നു സശ്രദ്ധം ശ്രവിക്കുന്നു. ധൃതിയോ, ക്ഷീണമോ, അക്ഷമതയോ കാണിക്കാതെ സംസാരിക്കുന്നവനിൽ തൻെറ ശ്രദ്ധയും താല്പര്യവും മുഴുവനായി കേന്ദ്രീകരിക്കുന്നതിനാൽ അയാളുടെ മനോവിശ്വാസം ഒററനിമിഷത്തിൽ അവിടുന്നാജ്ജിച്ചുകഴിഞ്ഞു. അഭിനിവേശം ജനിപ്പിക്കുന്ന ഒരു സാന്ത്വനോക്തി പ. പിതാവിൽനിന്നു കേൾക്കുന്നതിനോ, തനിക്കും സ്വന്തക്കാർക്കും വേണ്ടി ഒരു പ്രത്യേക ആശീർവ്വാദം ലഭിക്കുന്നതിനോ, അവിടുത്തെ പാവനവും മൃദുലവുമായ കരം സ്പർശിച്ചൊന്നുചുംബിക്കുന്നതിനോ ഭാഗ്യം ലഭിക്കുന്നവൻ അഭൗമമായ ആത്മസംതൃപ്തി കൊള്ളുന്നതിൽ എന്താണു വിസ്മയം! ലോകത്തിലൊരിടത്തും കാണാത്ത ഈ അന്യോന്യസൗഹൃദം വിരഹം അനുവദിക്കാത്തവിധത്തിൽ ചിലപ്പോൾ വർദ്ധിക്കാറുണ്ടു്. പരിചാരകന്മാരുടെ നിർബന്ധപ്രകാരം, തന്നെ പ്രതീക്ഷിച്ചിരിക്കുന്ന മററു പ്രേക്ഷകരെ കാണാൻ സ്ഥലം വിടുന്ന മാർപ്പാപ്പാ തീർത്ഥകരുടെ ജെയ് ജെയ് വിളികളും സ്നേഹനിർഭരമായ അഭ്യർത്ഥനകളും ശ്രവിക്കുമ്പോൾ സമയദൗർലഭ്യമൊന്നും ഗണിക്കാതെ അവരുടെ മദ്ധ്യത്തിലേക്കു തിരിച്ചുവരികപോലും ചെയ്യാറുണ്ടു്. സ്നേഹം കണക്കുകൂട്ടിയാണോ, കൈനിറച്ചു വാരിയല്ലേ കൊടുക്കുന്നതു്? കൊടുക്കുന്നവൻ ഒരു പിതാവുകൂടി ആയിരുന്നാലോ?

മാർപ്പാപ്പാ മനുഷ്യവംശം മുഴുവനും്റയും പിതാവാണു്. ഇപ്പോൾ സുഭഗനായി തിരുസഭാ ഭരണം നടത്തുന്ന പ. പിതാവു് ഈ സത്യം സമ്യക്കായി ഗ്രഹിക്കുക മാത്രമല്ലാ, അതനുസരിച്ചു ജീവിക്കുകയും ചെയ്യുന്ന ഒരാളാണു്. അതുകൊണ്ടത്രേ വിശ്വപിതൃത്വത്തിൻെറ ഹൃദയത്തുടിപ്പുകൾ ഇടവിടാതെ അനുഭവിച്ചുകൊണ്ടിരിക്കുന്ന തിരുമേനി മാനവസമുദായത്തെ ആസകലം സമാശ്ലേഷിക്കുന്ന പൈതൃകസ്നേഹത്തിൻെറ മാററം വരാത്ത മാതൃകയായിരിക്കുന്നതു്.


---

## കർമ്മെലീത്താ ഒന്നും രണ്ടും സഭയുടെ 1955-ലെ സ്ഥിതിവിവരപ്പട്ടിക

| | |
|---|---|
| സന്യാസികൾ | 3688 |
| പ്രവിശ്യകൾ | 27 |
| ആശ്രമങ്ങൾ | 348 |
| സന്യാസിനികൾ | 14000 |

# ജെയ് ജെയ് പോപ്പുരാജൻ

റവ. ഫാദർ തോമസ് മൂത്തേടൻ എം. ഏ. ഡി. ഡി.)



ഇങ്ങനെയാണല്ലോ ഇന്നത്തെ മംഗളാശംസയുടെ ഗതി. ഇററാലിയൻകാരുടെ "Viva il Papa" (വീവാ ഇൽ പാപ്പാ)യ്ക്കു തുല്യമായ മലയാളശൈലിയാണ്, "ജെയ് ജെയ് പോപ്പുരാജൻ" എന്നു പറയാം. ഒരിക്കൽ ഒരു പൊതുസന്ദർശനവേളയിൽ മൂന്നുനാലു വയസ്സുപ്രായമുള്ള ഒരു കുട്ടി അമ്മയുടെ കൈയിൽ നിന്നു വഴുതിയിറങ്ങി പരിശുദ്ധപിതാവിൻെറ അരികേ ഇഴഞ്ഞുചെന്നു പറയുകയാണ്: "ഞാൻ അങ്ങയെ സ്നേഹിക്കുന്നു. അങ്ങുന്നു ജീവിച്ചിരിക്കുന്ന മിശിഹായല്ലെ?" ഒരു ശിശുവിൻെറ അധരങ്ങളിൽനിന്ന് അടൻവീണ ഈ വിജ്ഞാനവചസ്സുകൾ ചില അഭ്യസ്തവിദ്യക്ക് പുതുമയായി തോന്നും. എന്നാൽ സർവ്വഥാ വാസ്തവമാണ് ഈ വാക്കുകൾ. മിശിഹായുടെ സജീവ പ്രതിനിധികളാണ് മാർപ്പാപ്പമാർ. അതിനാൽ സശരീരരായ മാനവരിൽ ആരും തന്നെ മാർപ്പാപ്പമാരോളം നമ്മുടെ ബഹുമാനം അർഹിക്കുന്നവരായി ഭൂമുഖത്തില്ല.

ഈദൃശമായ സ്ഥാനമാഹാത്മ്യത്തോടു വ്യക്തിവിലാസം ചേർന്നുവരുമ്പോൾ മാർപ്പാപ്പമാരുടെ മാററ് വർദ്ധിച്ചുവരുന്നു. തന്മൂലം ഗുണപൗഷ്കല്യംകൊണ്ടും ഭരണനൈപുണ്യം കൊണ്ടും മഹാനായ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമേനിക്കു സജ്ജനഹൃദയങ്ങളിൽ സംസിദ്ധമായിട്ടുള്ള സ്ഥാനം അന്യാദൃശമാണ്. നെടിയ ആ കൃശഗാത്രൻ തിരുസ്സഭയിലെ ഒരു മഹാസൗധം തന്നെ.

നിർഭയനാണ് തിരുമേനി. മ്യൂണിച്ചിൽ പേപ്പൽ നൺസിയോ ആയിരുന്ന കാലത്ത് തിരുമനസ്സിലെ വിപദിധൈര്യം സുതരാം സുവ്യക്തമായിട്ടുണ്ട്. കമ്യൂണിസ്റ്റു ഭരണം ഏർപ്പെടുത്തുന്നതിനുവേണ്ടി റൂഡോൾഫ് എഗൈൽഹോഫെറിൻെറ നേതൃത്വത്തിൽ 1919-ൽ അവിടെ ഒരു പരിശ്രമം നടന്നു, ഒരു ചെമ്പട ക്ഷണേന രൂപവൽകൃതമായി. ഏപ്രിൽ 25-ാം തീയതി മ്യൂനിച്ചിൽത്തന്നെ അവർ 325 പേരെ വധിച്ചു. പേപ്പൽനൺസിയോ എവുജേനിയോ പച്ചേല്ലി ചെമ്പടയുടെ നിർദ്ദേശങ്ങളെ അവഗണിച്ചു മ്യൂണിച്ചു കത്തീഡ്റൽ ദേവാലയത്തിൽ പ്രസംഗിക്കുകയിൽ അദ്ദേഹത്തിൻെറ കഥയും അവസാനിപ്പിക്കണമെന്നുണ്ടായിരുന്നു. ഏപ്രിൽ 29-ാംനു- മൂന്നു മണിക്കു ചെമ്പടനേതാവു സീലർ, പേപ്പൽ നൺസിയോ മന്ദിരത്തിൽ ബലമായി പ്രവേശിച്ചു ആർച്ച്ബിഷപ്പു പച്ചെല്ലിയുടെ വാതിൽക്കൽ അദ്ദേഹത്തിൻെറ ആഗമനത്തെ പ്രതീക്ഷിച്ചുനിന്നു. വേറെചില പടയാളികളുംകൂടി തോക്കു പിടിച്ചു നിൽക്കുന്നുണ്ടായിരുന്നു. അപ്രതീക്ഷിതമായി ആർച്ച്ബിഷപ്പു പുറത്തുവന്നു. സീലറിൻെറ കൈ പെട്ടെന്ന് തോക്കിലേക്കു പാഞ്ഞു, ആ തിരക്കിൽ അയാളുടെ കരം ആർച്ച്ബിഷപ്പിൻെറ കരിശിൽ മുട്ടി. അദ്ദേഹം പ്രശാന്തമായി പറഞ്ഞു: "എനിക്കു ഭയമില്ല; ഞാൻ ദൈവകരങ്ങളിലാണ് സ്ഥിതി ചെയ്യുന്നതു്. എന്നെ വധിക്കുന്നതുകൊണ്ടു നിങ്ങൾക്കു ഒരു ലാഭവുമില്ല. എൻെറ ജനങ്ങളെ രക്ഷപെടുത്തുന്ന ഏകകാര്യത്തിൽമാത്രമേ എനിക്കു താല്പര്യമുള്ളു." ആരും തങ്ങളുടെ തോക്കിൻെറ കാഞ്ചി വലിച്ചില്ല. എന്തുകൊണ്ട് അവർ തങ്ങളുടെ

ഇരയുടെ നേക്ക് വെടി വച്ചില്ലെന്നു് അനന്തരകാലങ്ങളിലും അവക്കു അറിഞ്ഞുകൂടായിരുന്നു. അവിടുത്തേ മൃദുലസ്വരവും കൃശഗാത്രവും ഒരു വിധത്തിലും ഭയജനകമായിരുന്നില്ല. ഏതായാലും ഒന്നു വാസ്തവമാണു്. അന്നുമുതൽ ആർച്ചുബിഷപ്പു പാച്ചെല്ലി ലോകത്തിൽ യാതൊന്നിനേയും ഭയപ്പെട്ടിരുന്നില്ല.

ഈ ധൈര്യം പന്ത്രണ്ടാം പീയൂസിനു വലിയ ഒരനുഗ്രഹമായിട്ടുണ്ടു്. ഈ തിരുമേനിയുടെ കാലത്തുണ്ടായിട്ടുള്ളിടത്തോളം തിരുസ്സഭാപീഡനം മറെറാരു മാർപ്പാപ്പായുടെ കാലത്തു് ഉണ്ടായിട്ടില്ലെന്നുവേണം പറയുവാൻ. പത്രോസ് ശ്ലീഹാ ഉൾപ്പെടെ ആദ്യത്തേ 32 മാർപ്പാപ്പമാർ രക്തസാക്ഷികളായി മരിച്ചിട്ടുണ്ടു്. അവരെല്ലാം ചുടുനിണമണിഞ്ഞ രക്തസാക്ഷികളാണു്; എന്നാൽ പന്ത്രണ്ടാം പീയൂസ് രക്തം ചിന്താത്ത സാക്ഷിയാണു് അഥവാ ബിഷപ്പു് ഷീനിൻെറ ഭാഷയിൽ "വരണ്ട രക്തസാക്ഷിയാണു്" (Dry Martyr) അരിവാളും ചുററികയുംകൂടി നടത്തുന്ന സമരത്തിൽ അമർന്ന പീഡനവും വിപ്രവാസവും അനുഭവിക്കുന്ന ലക്ഷങ്ങളാണു് അവിടുത്തേ മുമ്പിൽ കിടന്നു പൊരിയുന്നതു്. നാസികളുടെ ഇരട്ടക്കുരിശിൻകീഴും ഫാഷിസ്ററുകാരുടെ വടികളുടെ ഇടയിലും ഇന്നു് ഉയർത്തിപ്പിടിച്ചിരിക്കുന്ന കമ്യൂണിസ്റ്റ് അരിവാളിൻെറ മുമ്പിലും നോവുന്ന ഹൃദയത്തോടെ വർഷങ്ങൾ പലതു തിരുമേനി ചെലവഴിച്ചുകഴിഞ്ഞു. രണ്ടാംലോകമഹായുദ്ധത്തിലെ ബോമ്പുകളും പീരങ്കിനാദവുമായിരുന്നു അവിടുത്തെ വാഴ്ചയുടെ ആദ്യത്തെ ആറുവർഷം അനുഭവപ്പെട്ടതു്. 1939 സെപ്ററംബറിൽ ബെൽജിയൻ അമ്പാസഡർ സാക്ഷിപത്രം സമപ്പിച്ചപ്പോൾ തിരുമേനി പറഞ്ഞ വാക്കുകൾ അത്ഥഗർഭമാണു്. "നമ്മുടെ വാഴ്ചയുടെ പ്രഥമദിനംമുതൽ ഭാവി ഭയങ്കരതകളെല്ലാം എൻെറ കൺമുമ്പിലുണ്ടായിരുന്നു."

സർവ്വഥാ ഉൽകണ്ഠാകുലനായ തിരുമേനി ഇതരരെ രക്തസാക്ഷിത്വംവരെയുള്ള ത്യാഗത്തിനാണു് പ്രേരിപ്പിച്ചുകൊണ്ടിരുന്നതു്. "ചെമ്പട ഞങ്ങളുടെ നഗരത്തിലേക്കു പ്രവേശിച്ചു ജനങ്ങളെ ഞെരുക്കുകയാണെങ്കിൽ ഞാൻ എന്തുചെയ്യണ"മെന്നു് ഒരു മിഷനറി ബിഷപ്പു അവിടുത്തോടു ചോദിച്ചപ്പോൾ തിരുമേനി ഇപ്രകാരം പറഞ്ഞു: "വിശ്വാസത്തിനു വേണ്ടി മരിക്കണം; നല്ല ഇടയൻ ആടുകളെ ഒരിക്കലും ത്യജിക്കയില്ല. വ്യപദേശികളേക്കാൾ കൂടുതലായി ഇന്നു രക്തസാക്ഷികളെയാണാവശ്യം." മതപീഡനം നടമാടുന്ന ഒരു സ്ഥലത്തേക്കു് വേറൊരു ബിഷപ്പിനെ തിരിച്ചയച്ചപ്പോഴും തിരുമേനി പറഞ്ഞതു നാം ഇന്നു രക്തം ചിന്തുവാൻ സന്നദ്ധരാകണമെന്നാണു്.

അതിപ്രധാനങ്ങളായ തീരുമാനങ്ങൾ പലതും തിരുമേനി നടത്തിയിട്ടുണ്ടു്. പുരോഹിതാഭിഷേകത്തിൻെറ കമ്മസാധനം കൈവെപ്പുമാത്രമാണെന്നു നിണ്ണയിച്ചതും ദൈവമാതാവിൻെറ സ്വഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്തതും വി. കുർബാന സ്വീകരണത്തിനുള്ള ഉപവാസനിയമം ലഘൂപ്പെടുത്തിയതും സായാഹ്നപൂജ അനുവദിച്ചതും വലിയ ആഴ്ചയിലെ തിരുക്കമ്മങ്ങൾ പ്രാചീനസഭയിലെതുപോലെ ശരിപ്പെടുത്തിയതും തിരുക്കമ്മങ്ങൾക്കുള്ള പ്രാത്ഥനകൾ ലത്തീൻഭാഷയിൽനിന്നു നാട്ടുഭാഷകളിലേക്കു വിവത്തനംചെയ്തു് ഉപയോഗിക്കുവാൻ അനുമതി നൽകിയതും വൈദികരുടെ കനോനനമസ്കാരം സംബന്ധിച്ചു കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തിയതും പലരേയും വിസ്മയിപ്പിക്കതന്നെ ചെയ്തിട്ടുണ്ടു്. നൂററാണ്ടുകളായി പലരും ആശിച്ചുകഴിഞ്ഞ തീരുമാനങ്ങൾ ഇന്നു നിറവേറിയിട്ടുണ്ടെങ്കിൽ അതു തിരുമേനിയുടെ ആധുനികതാബോധമാണു്, കാലത്തിനടുത്ത പുരോഗതിക്കുള്ള അവിടുത്തെ അഭിവാഞ്ഛയുടെ പ്രത്യക്ഷ ലക്ഷ്യമാണു്.

ദൈവമാതാവിനോടുള്ള തിരുമേനിയുടെ ഭക്തി പലവിധത്തിൽ പ്രകടമായിട്ടുണ്ടു്. ജപമാല ഭക്തിയെപ്പററി എഴുതിയ രണ്ടു ചാക്രികലേഖനവും സ്വഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്തതും അമലോൽഭവ വിശ്വാസസത്യപ്രഖ്യാപനത്തിൻെറ ശതാബ്ദജൂബിലി പ്രമാണിച്ചു മരിയൻവത്സരം കൊണ്ടാടിയതും ദൈവമാതാവിൻെറ രാജ്ഞീപദതിരുനാൾ സ്ഥാപിച്ചതും ലോകം മുഴുവനും മറിയത്തിൻെറ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചതും തിരുമേനിയുടെ ദൈവമാതൃഭക്തിക്കു മകുടോദാഹരണങ്ങളാണു്.

ഇന്ത്യാക്കാരായ നമ്മോടു തിരുമേനി പ്രകടിപ്പിച്ചിട്ടുള്ള വാത്സല്യം പ്രത്യേകം സ്മത്തവ്യമാണു്. കത്തോലിക്കാ പ്രവത്തനത്തെപ്പററി ഒരു പ്രത്യേക

തിരുവെഴുത്തു നമുക്കു് അയച്ചുതന്നു. സെൻറതോമസ്സിൻെറയും സെൻറ ഫ്രാൻസിസു സേവിയറിൻെറയും ശതാബ്ദാഘോഷം പ്രമാണിച്ചും നാഷണൽ മരിയൻ കോൺഗ്രസ്സ് പ്രമാണിച്ചും അവിടത്തെ പ്രതിനിധികളെ അയച്ചുതരുകയും നമ്മോടു നേരിട്ടു റേഡിയോവഴി അവിടുന്നു സംസാരിക്കുകയുംചെയ്തു. ഒരു ഇന്ത്യാക്കാരനെ കർദ്ദിനാളായി ഉയർത്തി. പുതിയ അതിരൂപതകളും രൂപതകളും ധാരാളമായി സ്ഥാപിച്ചു. ഇവയെല്ലാം പരിഗണിക്കുന്ന ഏതൊരു ഭാരതീയനാണു തിരുമേനിയെ കൃതജ്ഞതാപൂർവം അനുസ്മരിക്കാതിരിക്കുക?

ഫലംകൊണ്ടു വൃക്ഷം അറിയാവുന്നതുപോലെ പ്രവർത്തനങ്ങൾ കൊണ്ടു് ആളെയുമറിയാം. തിരുമേനിയുടെ തീരുമാനങ്ങളും പ്രഭാഷണങ്ങളും പരിശോധിക്കുന്ന ഏതൊരുത്തനും അവിടുത്തെ പരമവിശുദ്ധി വിശദമാണു്. പത്താംപീയൂസ്സിൻെറ പുണ്യപട്ടം പ്രഖ്യാപനം ചെയ്ത പന്ത്രണ്ടാംപീയൂസ് തിരുമേനി അവിടുത്തെ തൃച്ചേവടികളെത്തന്നെയാണു് അനുധാവനം ചെയ്യുന്നതു്. റോമാനഗരം ആക്രമിച്ചകാലത്തു വലിയ ഒരു മരക്കുരിശു വഹിച്ചു നടത്തിയ പരിഹാരപ്രദക്ഷിണം ആർക്കു മറക്കുവാൻ കഴിയും? കഴിഞ്ഞ ഡിസംബർ മാസത്തിൽ തിരുമേനിയുടെ ആലസ്യം ഗുരുതരമായ ഘട്ടത്തിൽ ദിവ്യരക്ഷാനാഥൻ അവിടുത്തേയ്ക്കു പ്രത്യക്ഷപ്പെട്ടുവെന്നുള്ളതു തിരുമേനി ഏറെക്കുറെ പരസ്യമായി സമ്മതിച്ചതുപോലെയാണല്ലോ പത്രവാർത്തകളുടെ ഗതി. "ഒസർവാത്തോരെ റോമാനോ" എന്ന വത്തിക്കാനിലെ അർദ്ധ ഔദ്യോഗിക പത്രവും ആ വാർത്ത പ്രസിദ്ധീകരിച്ചിരിക്കുന്നു. "മിശിഹായുടെ ദിവ്യാത്മാവേ" എന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടിരിക്കയായിരുന്നു തിരുമേനി. "എൻെറ മരണനേരത്തു് അങ്ങയുടെ പക്കൽ വരുവാൻ എന്നോടു കല്പിക്കേണമേ" എന്നു അപേക്ഷിച്ച സമയത്താണു തിരുമേനിക്കു് ഈശോയുടെ ദർശനമുണ്ടായതു്. അർത്ഥഗർഭമാണു് ആ ദർശനം.

എന്നാൽ തിരുമേനി എന്താണു തന്നെപ്പററിത്തന്നെ ചിന്തിക്കുന്നതെന്നു് ബിഷപ്പു ഷീനിൻെറ വാക്കുകളിൽ ഇവിടെ വിവരിക്കാം: "കുറെ ദിവസങ്ങൾക്കുമുമ്പു് തിരുമേനി എനിക്കു് ഒരഭിമുഖസംഭാഷണം അനുവദിച്ചു. ആ സംഭാഷണത്തിൻെറ അന്ത്യത്തിൽ ഞാൻ ഇങ്ങനെ പറഞ്ഞു: തിരുമേനീ, മനുഷ്യജീവിതത്തിൻെറ എല്ലാ വശങ്ങളും ശിരസ്സിൽ കേന്ദ്രീകരിക്കുന്നതുപോലെ തിരുസ്സഭയുടെ ഐക്യം ദൃശ്യമായി പ്രത്യക്ഷമാകുന്നതു തിരുമേനിയിലാണു്. ആകയാൽ മിശിഹായുടെ പ്രതിനിധിയായ അങ്ങേയ്ക്കു് എൻെറ സ്നേഹബഹുമാനാദരങ്ങൾ ഞാൻ സമർപ്പിക്കുകയും ദൈവസ്നേഹം പ്രചരിപ്പിക്കുന്നതിനു് എനിക്കു കഴിവുള്ളതെല്ലാം ഞാൻ നിവർത്തിക്കാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു." തിരുമേനി ഇങ്ങനെ പ്രത്യുത്തരം നൽകി: 'അയോഗ്യനായ ഞാൻ ദൈവപരിപാലനയിൻകീഴ് തിരുസ്സഭയുടെ തലവനായി നിയുക്തനായി. ഒരു മനുഷ്യനെന്ന നിലയിൽ ഞാൻ ശൂന്യമാണു്....ശൂന്യംതന്നെ.'

ഒരു മനുഷ്യൻ ഇങ്ങനെ തന്നെത്തന്നെ താഴ്ത്തുന്നതിൽ ദിവ്യമായ എന്തോ ഉണ്ടെന്നു തീർച്ചയാണു്. പുണ്യജീവിതം നയിക്കുന്നവരെല്ലാം പറയാറുണ്ടു്: "ഞാൻ ചെറുതാകണം; അവിടുന്നു വലുതാകണം." ദൈവത്തിൽനിന്നു ലഭിച്ച അധികാരം ശിരസാവഹിച്ചുകൊണ്ടു തിരുമേനി തന്നെത്തന്നെ, അതായതു്, 'അഹ'ത്തെ മറക്കുന്നു. ഇതാണു് യഥാർത്ഥ മഹത്വം. മനുഷ്യൻ ദൈവത്തോടു് എത്രയും കൂടുതൽ സമീപിക്കുന്നതു് സർവ്വശക്തൻെറ കരം അവനെ എവിടെനിന്നു് ഉദ്ധരിച്ചുവോ ആ ഇല്ലായ്മയിലേക്കു പ്രതിനിവർത്തിക്കുമ്പോഴാണു്.

വേറൊരർത്ഥത്തിൽ സ്റ്റാലിൻ തിരുമേനിയെ ശൂന്യമായി കരുതി. ഒരിക്കൽ അദ്ദേഹം ഇംഗ്ലീഷ് പ്രധാനമന്ത്രിയായ ചർച്ചിലിനോടു ചോദിക്കയാണു്: "മാർപ്പാപ്പക്കു് എത്ര സൈന്യവിഭാഗങ്ങളുണ്ടു്?" ഗെത്ത്സെമിൻ തോട്ടത്തിൽവച്ചു് ഈശോയെ അറസ്റ്റുചെയ്തപ്പോൾ ശ്ലീഹന്മാരും അവിടുത്തെ സൈന്യനിരകൾ എത്ര തുച്ഛമെന്നു വിചാരിച്ചുപോയിട്ടുണ്ടാകണം. അതിനാലായിരിക്കണം അവിടുന്നു് അവരോടു ചോദിച്ചതു്. "ഞാൻ എൻെറ പിതാവിനോടു് അപേക്ഷിച്ചാൽ അവിടുന്നു പന്ത്രണ്ടുവൃന്ദം മാലാഖമാരെ എൻെറ സഹായത്തിനായി അയച്ചുതരുമെന്നു നിങ്ങൾ സംശയിക്കുന്നുണ്ടോ?"

പന്ത്രണ്ടാം പീയൂസും തൻെറ മരക്കുരിശിൽ ശയിക്കുകയാണു് ഇക്കാലത്തു്. അവിടുത്തെ ആലംബവും മേൽപറഞ്ഞ ദിവ്യശക്തികളാണു്. അതിനാലായിരിക്കണം തിരുമേനിയെപ്പററി മലാക്കിയുടെ പ്രവചനത്തിൽ "വാനവസദൃശനായ അജപാല

# ധർമ്മ സാർവഭൌമൻ

(മയ്യനാട്ട് ഏ. ജോൺ, ബി. ഏ.)

"റോമാരൂപതയുടെ ഒന്നാമത്തെ മെത്രാനായ പീററർ, തനിക്കു ക്രിസ്തുവിൽനിന്നു സിദ്ധിച്ച അനന്യസിദ്ധമായ വരത്തിന്റെ പ്രഭാവത്താൽ സാക്ഷാൽ കത്തോലിക്ക്—സാർവലൌകിക — ക്രൈസ്തവ തിരുസഭയുടെ ഒന്നാമത്തെ മാർപ്പാപ്പായുമാണ്. കഴിഞ്ഞ രണ്ടായിരത്തോളം സംവത്സരം അനവധി പ്രചണ്ഡങ്ങളായ പീഡനങ്ങളെയും മർദ്ദനങ്ങളെയും, ഛിദ്മങ്ങളെയും ഇടത്തൂട്കളെയും അതിജീവിച്ച്, അകത്തോലിക്കരും അക്രൈസ്തവരുമായ ചരിത്രപണ്ഡിതന്മാരുടെപോലും ആശ്ചര്യോദ്ഘോഷത്തിനും പ്രശംസയ്ക്കും നമസ്കാരത്തിനും പാത്രീഭവിക്കുമാറ്, അനേകം സാമ്രാജ്യങ്ങളുടെയും 'ഇസ'ങ്ങളുടെയും ഉദയത്തിനും വൃദ്ധിയ്ക്കും അസ്തമയത്തിനും സാക്ഷ്യം വഹിച്ചുകൊണ്ട്, നവനവങ്ങളും ശക്തിമത്തരങ്ങളുമായ 'ഇസ'ങ്ങളുടെ വിനാശകരങ്ങളായ പാഷണ്ഡപ്രസ്ഥാനങ്ങളുടെ, അത്യുഗ്രങ്ങളായ നാരകീയശക്തികളുടെ ഘോരതരങ്ങളായ അക്രമങ്ങളെ അനന്യശക്യമാംവണ്ണം അദ്യാപി നിരോധിച്ചുകൊണ്ട്, അഭൌമമായ ശക്തിപ്രകർഷത്തോടെ ഭൂഗോളം മുഴുവനും വ്യാപിച്ച്, 'നരകവാതിലുകൾ' അതിനെതിരായി പ്രബലപ്പെടുകയില്ല എന്ന ക്രിസ്തുവിന്റെ പ്രതിശ്രമത്തെ അനവർത്ഥമാക്കി അന്യാദൃശപ്രതാപശ്രീയോടെ വിരാജിക്കുന്ന ആ ധർമ്മസംഘത്തിന്റെ ആധുനികസർവാധിപതിയായ പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ പീററിന്റെ 261-ാമത്തെ അനന്തരനത്രെ."

പീററിന്റെ പിൻഗാമികളായ ഈ 261 ധർമ്മസാർവഭൌമന്മാരിൽ മഹത്തമന്മാരായവരുടെ ഗണത്തിൽ അദ്വിതീയമായൊരു സ്ഥാനം സമ്പാദിച്ചുകഴിഞ്ഞിരിക്കുന്ന പീയൂസ് പന്ത്രണ്ടാമനായ എവുജേനി റോമാനഗരത്തിൽ പച്ചേലി എന്ന പ്രശസ്തമായ 'ശ്യാമ'ഉല്പ്രഭുകുടുംബത്തിൽ 1876 മാർച്ചു 2-ാംനു ജനിച്ചു—മാർപ്പാപ്പായെയും തിരുസഭയെയും സേവിക്കുന്ന പാരമ്പര്യമുള്ള കുലീനകുടുംബങ്ങൾ ശ്യാമള-കറുത്ത—പ്രഭുകുടുംബങ്ങൾ എന്നും രാജാവിനെയും രാഷ്ട്രത്തെയും സേവിക്കുന്ന പാരമ്പര്യമുള്ളവ--ധവള—വെളുത്ത—പ്രഭുകുടുംബങ്ങൾ എന്നും അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ പിതാവ്, ഫിലിപ്പ് പച്ചേലി, ഒരു നിയമശാസ്ത്രവിശാരദനും വത്തിക്കാൻ അഭിഭാഷകസംഘത്തിന്റെ അദ്ധ്യക്ഷനുമായിരുന്നു. പിതാമഹനായ മാർക്കാൻറണി പച്ചലി പീയൂസ് ഒമ്പതാമന്റെ കാലത്ത് മാർപ്പാപ്പായുടെ രാഷ്ട്രമണ്ഡലത്തിൽ അത്യുന്നതമായ ഒരുദ്യോഗം വഹിച്ചിരുന്നു; ഈ പച്ചേലിയാണ് 1861-ൽ 'എല്ഓസർവേറേറാറെ റോമാനോ' എന്ന വിശ്വവിഖ്യാതമായ വത്തിക്കാൻ പ്രതിദിനപ്പത്രം സ്ഥാപിച്ചത്.


എവുനേജി 18-ാമത്തെ വയസ്സിൽ ലൌകിക വിദ്യാഭ്യാസം സുനിമത്ഥമായി നിർവഹിച്ചശേഷം 1894-ൽ വൈദിക വിദ്യാഭ്യാസം ആരംഭിക്കുകയും തത്വശാസ്ത്രം, ദൈവശാസ്ത്രം, കാനോൻ നിയമം മുതലായ വിഷയങ്ങളിൽ അസാമാന്യമായ പ്രാവീണ്യം നേടിയശേഷം, 1899 ഏപ്രിൽ 2-ാംതീയതി ഉയിർപ്പുഞായറാഴ്ച പുരോഹിതനായി അഭിഷേകം ചെയ്യപ്പെടുകയും ചെയ്തു. വൈദികവിദ്യാഭ്യാസകാലത്ത് അദ്ദേഹവുമായി പരിചയപ്പെടാനിടയായ

---

കൻ" (Angelic Pastor) എന്ന സംജ്ഞ പ്രയോഗിച്ചത്. അവിടുന്ന് ഈ മായാപ്രപഞ്ചത്തിൽക്കൂടെ ഒരു മാലാഖയെപ്പോലെ മന്ദമന്ദം പുരോഗമിക്കുന്നു. ധീരമായ ഒരു നേതൃത്വം അവിടുന്നു നമുക്കു നൽകുന്നുണ്ട്. മ്യൂണിച്ചിൽ പ്രകടമായ നിർഭയത്വവും, പത്താംപീയൂസിന്റെ പുണ്യചര്യയും, കാലോചിതമായ ഭരണപരിഷ്കാരങ്ങളും നടപടി ഭേദഗതികളും നമ്മുടെ മുമ്പിൽ നിരത്തിവച്ചുകൊണ്ടു വത്തിക്കാനിൽ നമുക്കുവേണ്ടി അഞ്ജലീബദ്ധനായി, പ്രാർത്ഥനാനിരതനായി, അദ്ധ്വാനശീലനായി കഴിയുന്ന നമ്മുടെ പരിശുദ്ധ പിതാവിനെപ്പററി ആരാണ് അത്മാർത്ഥമായി ആഹ്ളാദപൂർവ്വം പറയാതിരിക്കുക. "ജെയ് ജെയ് പോപ്പുരാജൻ".

---

കർദ്ദിനാൾ ഒക്കോണൽ ഏകദേശം 50 കൊല്ലങ്ങൾ കഴിഞ്ഞു 1912-ൽ എഴുതിയ ഒരു തൂലികാചിത്രത്തിൽനിന്നു് ഏതാനും വാചകങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതു് സംഗതമായിരിക്കും: "റോമിലെ പ്രശസ്തമായ പച്ചേലി കുടുംബത്തിൽ അനേകം മിത്രങ്ങളുണ്ടായിരിക്കുക എന്ന സന്തോഷവും ബഹുമതിയും എനിക്കു സിദ്ധിച്ചു... ..........ആ പ്രഭുമന്ദിരത്തിലെ ഒരു സായന്തനസമ്മേളനത്തിൽ വച്ചു് അപ്പോൾ ശതാബ്ദപൂർത്തി ആഘോഷിക്കുകയായിരുന്ന ഏററവും പ്രായംകൂടിയ പച്ചേലിയേയും ഏററവും പ്രായംകുറഞ്ഞ പച്ചേലി—ഇന്നു ദൈവാനുഗ്രഹത്താൽ സെയിൻറുപീറററിൻെറ





പന്ത്രണ്ടാം പീയൂസ്സ് മാർപ്പാപ്പായുടെ മാതാപിതാക്കന്മാർ.

അനന്തരനായിരിക്കുന്ന അന്നത്തെ യുവവൈദികവിദ്യാർത്ഥിയെയും കാണുന്നതിനുള്ള സൌഭാഗ്യം എനിക്കുണ്ടായി. അപ്പോൾ എൻെറ മനസ്സിൽ പതിഞ്ഞ ആ യുവാവിൻെറരൂപം ഞാൻ ഇപ്പോഴും സുസ്പഷ്ടമായി ഓർക്കുന്നു. അദ്ദേഹത്തിൻെറ ലോലമെങ്കിലും പൌരുഷഭാസുരമായ രൂപം റോമൻ വൈദികവിദ്യാർത്ഥി-യുടെ അനാർഭാടമായ കറുത്ത ളോവയാൽ പരിവേഷ്ടിതമായിരുന്നു. അദ്ദേഹത്തിൻെറ മുഖം ഉന്നതമായ പ്രതിഭയെ ദ്യോതിപ്പിച്ചു. അന്നു് എനിക്കു് അതിൽ, പിൽക്കാലത്തു് അദ്ദേഹത്തിൻെറ ജീവിതത്തിൽ അനുസ്യൂതം പ്രകടിതമായിട്ടുള്ള ആ ഊർജ്ജസ്വലതയും അത്ഭുതകരമായ കർമ്മധീരതയും സ്പഷ്ടമായി കാണാൻ കഴിഞ്ഞു. അദ്ദേഹത്തിൻെറ പെരുമാററരീതി സൌമ്യമെങ്കിലും യഥാർത്ഥമായ അന്തസ്സുള്ളതായിരുന്നു. അദ്ദേഹത്തിൻെറ സൌഹൃദംനിറഞ്ഞ മന്ദസ്മിതവും പ്രത്യുൽപന്നമതിത്വവും അനന്തരജീവിതത്തിൽ അദ്ദേഹം ധാരാളമായി തെളിയിച്ചിട്ടുള്ള ആ ഗംഭീരമായ മേധാശക്തിയുടെ പൂർവലക്ഷണങ്ങളായി പരിലസിച്ചു."

പുരോഹിതനായ എവുജേനി പച്ചേലി ആദ്യമായി നിയമിക്കപ്പെട്ടതു് ഒരു ഇടവകയുടെ അസിസ്റ്റൻറു വികാരിയായിട്ടായിരുന്നു. ഉത്സാഹപൂർവം സുവിശേഷം പ്രസംഗിച്ചും, വൈദിക കർമ്മങ്ങളനുഷ്ഠിച്ചും വേദോപദേശം പഠിപ്പിച്ചും രോഗികളെയും പാവങ്ങളെയും സന്ദർശിച്ചും പീഡിതരെ സമാശ്വസിപ്പിച്ചും തൻെറ ഉദ്യോഗകൃത്യങ്ങൾ അദ്ദേഹം മാതൃകായോഗ്യമാംവണ്ണം നിർവഹിച്ചു. രണ്ടു വർഷം കഴിഞ്ഞു, 1901-ൽ, അദ്ദേഹം വത്തിക്കാൻ ഭരണ കാര്യാലയത്തിൽ ഒരു ഉദ്യോഗസ്ഥനായി നിയമിക്കപ്പെട്ടു. തിരുസഭയുടെഭരണകേന്ദ്രത്തിലെ ആ ഉദ്യോഗശ്രേണിയിൽ അദ്ദേഹം പടിപടിയായി ഉയർന്നു് 1914-ൽ ഒരു

പ്രധാന വകുപ്പിന്റെ സെക്രട്ടറി എന്ന ഉന്നതപദം പ്രാപിച്ചു. ഇതിനിടക്കായിരുന്നു അദ്ദേഹം തിരുസഭയുടെ കാനോൻ നിയമസംഹിതയെ ക്രോഡീകരിക്കുക എന്ന മഹോദ്യമത്തിൽ കർദ്ദിനാൾ ഗസ്പാരിയുടെ സഹപ്രവർത്തകനായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചതു. 1914-ൽ ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചതോടെ യുദ്ധത്തടവുകാർ, മുറിവേററ ഭടന്മാർ, ഭവനരഹിതർ, ഭയദ്രുക്കർ, അഭയാർത്ഥികൾ, അനാഥർ, വിധവകൾ, യുദ്ധക്കളത്തിലകപ്പെട്ടവരുടെ ഉൽക്കണ്ഠിതരായ ബന്ധുജനങ്ങൾ എന്നിവരുടെ കാര്യത്തിൽ അദ്ദേഹം ആശ്വാസപ്രദമായ സേവനം ഏററവും കാര്യക്ഷമമായി നിർവഹിച്ചു. 1917-ൽ അദ്ദേഹം മെത്രാപ്പൊലീത്താ ആയി അഭിഷേകം ചെയ്യപ്പെടുകയും ബവേറിയായിലെ നൺഷിയോ—മാർപ്പാപ്പായുടെ പ്രതിപുരുഷൻ—ആയി നിയമിക്കപ്പെടുകയുംചെയ്തു. യുദ്ധം അവസാനിപ്പിച്ച് സമാധാനം സ്ഥാപിക്കുന്നതിനുള്ള 15-ാം ബനഡിക്ട് മാർപ്പാപ്പായുടെ നിർദ്ദേശങ്ങൾ വഹിച്ചുകൊണ്ടാണ് അദ്ദേഹം ജർമ്മനിയിലേക്കു പോയതു്. അദ്ദേഹത്തിന്റെ സമാധാനയത്നങ്ങൾക്കു് ഉടനെ വിജയമുണ്ടായില്ലെങ്കിലും, യുദ്ധം ജർമ്മനിയുടെ സംപൂർണ്ണപരാജയത്തിൽ കലാശിച്ചപ്പോൾ മാർപ്പാപ്പായുടെ ഏഴു സന്ധിനിർദ്ദേശങ്ങൾ തന്നെയായിരുന്നു പ്രെസിഡൻറു വിൽസന്റെ പതിനാലു സന്ധിവ്യവസ്ഥകൾക്കു് ആസ്പദമായിപ്പരിണമിച്ചതു്. അദ്ദേഹം ജർമ്മനിയിൽ പന്ത്രണ്ടുകൊല്ലം ശാന്തിയുടെയും സ്നേഹത്തിന്റെയും ദൂതനായി തിരുസഭയ്ക്കും ലോകസമാധാനത്തിനും വേണ്ടി അശ്രാന്തസേവനം അനുഷ്ഠിച്ചു. വിപ്ലവങ്ങളുടെയും ലഹളകളുടെയും കൂട്ടക്കൊലകളുടെയും നടുവിൽ അദ്ദേഹം അക്കാലത്തു—തന്റെ നെഞ്ചിന്റെ നേരേ ശത്രു തോക്കു നീട്ടിയപ്പോഴും—പ്രദർശിപ്പിച്ച ധർമ്മധീരതയും നിർഭയത്വവും ആശ്ചര്യകരമായിരുന്നു.

1929 ഒടുവിൽ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ പച്ചെലിമെത്രാപ്പൊലിത്തായെ റോമയിലേക്കു തിരിച്ചു വിളിച്ച് ഡിസംബർ 16-ാംതീയതി കർദ്ദിനാൾ പദത്തിലേക്കുയർത്തുകയും, രണ്ടുമാസം കഴിഞ്ഞു് കർദ്ദിനാൾ ഗസ്പാരി ഉദ്യോഗത്തിൽനിന്നും വിരമിച്ചപ്പോൾ, സ്റ്റേററസെക്രട്ടറിയായി നിയമിക്കുകയും ചെയ്തു, 1930 മുതൽ 1939 വരെ അദ്ദേഹം വത്തിക്കാൻ അരമനക്കച്ചേരിയിലെ ഏററവും ഉന്നതമായ ഈ ഉദ്യോഗം വഹിച്ച കാലത്തു് കത്തോലിക്കാസഭയ്ക്കു അതിന്റെ സുദീർഘമായ ചരിത്രത്തിൽ അഭിമുഖീഭവിച്ചിട്ടുള്ള ഏററവും ഗൌരവാവഹവും പരിക്ലിഷ്ടവുമായ പ്രശ്നങ്ങളിൽ ചിലതിനെ—കമ്മ്യൂണിസം, വിശ്വവ്യാപകമായ നാസ്തിക്യം, ഫാസിസം, പ്രബല രാഷ്ട്രങ്ങളുടെ യുദ്ധപ്രവണത, മെക്സിക്കോയിലെയും സ്പെയിനിലെയും വിപ്ലവങ്ങൾ എന്നിങ്ങനെ ലോകത്തെ നാശഗർത്തത്തിലേക്കു ത്വരയോടെ നയിച്ചുകൊണ്ടിരുന്ന ധർമ്മവിരുദ്ധ പ്രസ്ഥാനങ്ങളേയും ദുസ്സഹങ്ങളായ മററു വൈഷമ്യങ്ങളേയും-നേരിടുന്നതിൽ മാർപ്പാപ്പായുടെ ഏററവും വിദഗ്ദ്ധനും സമർത്ഥനുമായ സഹപ്രവർത്തകനായിരുന്നു.

ലാററിൻ, ഇററാലിയൻ, ജർമ്മൻ, ഫ്രെഞ്ചു്, ഇംഗ്ലീഷ്, സ്പാനിഷ്, പോർട്ടുഗീസു് എന്നീ ഏഴു ഭാഷകളിൽ അസാമാന്യമായ വിദഗ്ദ്ധത്വവും മററു പല ഭാഷകളിലും സാമാന്യമായ സ്വാധീനവുമുള്ള ഒരു ബഹുഭാഷാപണ്ഡിതൻ, നവീന ശാസ്ത്രങ്ങളിലും കലകളിലും വിശാരദൻ, അന്താരാഷ്ട്രീയ കാര്യവിദഗ്ദ്ധൻ, അദ്വിതീയനായൊരു വാഗ്മി, സംസ്കാരസമ്പന്നനായ ഒരുത്തമപുരുഷൻ, സർവോപരി, പരമഭക്തനും വിശുദ്ധനും പുണ്യചരിതനുമായ ഒരു ക്രൈസ്തവ ധർമ്മദൂതൻ, എന്നിങ്ങനെ മഹാന്മാരിൽ മഹാൻ എന്നു സർവസജ്ജനസമ്മിതി ഇതിനകം സമാർജ്ജിച്ചുകഴിഞ്ഞ കർദ്ദിനാൾ പച്ചെലി 1939 മാർച്ച് 2-ാംനു-63-ാം ജന്മദിനത്തിൽ, ചരിത്രത്തിലെ ഏററവും മഹാന്മാരായ മാർപ്പാപ്പാമാരിൽ ഒരാളായ പീയൂസ് പതിനൊന്നാമന്റെ സർവഥാ അനുരൂപനായ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെടുകയും, 12-ാംനു- പീയൂസ് പന്ത്രണ്ടാമൻ എന്ന പേരിൽ, "ഭഗവനെ, എന്നിൽ കരുണയുണ്ടായിരിക്കേണമേ," എന്നു് ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നുയന്ന പ്രാർത്ഥനയോടെ മാർപ്പാപ്പായുടെ കിരീടം ധരിച്ച് സിംഹാസനാരൂഢനാവുകയുംചെയ്തു. ആരംഭംമുതല്ലേ തന്റെ ഭരണം ലോകത്തു ശാശ്വതമായ ശാന്തിയുടെയും സമാധാനത്തിന്റെയും സംസ്ഥാപനത്തിനായി അദ്ദേഹം സമർപ്പിച്ചു; "നീതിയിൽനിന്നു സമാധാനം ഉൽഭവിക്കുന്നു," അഥവാ 'ശാന്തിയുടെ ആസ്പദം നീതിയാണു്,' എന്ന അദ്ദേഹത്തിന്റെ മുദ്രാവാക്യം അതിനു സാക്ഷ്യം വഹിക്കുന്നു. അദ്ദേഹത്തി

ൻെറ അദ്യത്തെ ഈസ്റ്റർ പ്രഭാഷണം ആ മുദ്രാവാക്യത്തെ വിശദീകരിക്കുന്നതായിരുന്നു. അതിൽനിന്ന് ഏതാനുംവാക്യങ്ങൾമാത്രം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

"സമാധാനം, സമാധാനം; പക്ഷെ, സമാധാനം എവിടെ?" എന്ന ജറമിയാസ് ദീർഘദർശിയുടെ വാക്കുകൾ മറേറതു കാലത്തെയുംകാൾ ഇന്നത്തെ സ്ഥിതിയെ ദ്യോതിപ്പിക്കുന്നു. എവിടെ നോക്കിയാലും നാം സർവ്വത്ര കാണുന്നതു് പരിതാപകരമായൊരു കാഴ്ചയാണു്. ലോകത്തിൻെറ ഏതു ഭാഗത്തും ഭാവിയെപ്പററി ഉൽക്കണ്ഠാകുലരായി, അസ്വസ്ഥരായി, ഭയവിഹ്വലരായി കഴിഞ്ഞുകൂടുന്ന ജനങ്ങളെ നാം കാണുന്നു........ദയനീയമായ ഈ ദുരവസ്ഥ യഥാർത്ഥമായ ശാന്തിയിലും സമാധാനത്തിലും നിന്നു എത്ര വിഭിന്നമായിരിക്കുന്നു!........ ലക്ഷക്കണക്കിനു ജനങ്ങൾ തൊഴിലില്ലാത്തവരായിരിക്കുമ്പോൾ സമാധാനം എങ്ങനെ സാദ്ധ്യമാകും?........ഈ തൊഴിലില്ലായ്മയുടെ ഫലമായി അസംഖ്യം ജനങ്ങൾ വല്ലുതായ ദുരിതങ്ങളനുഭവിക്കുകയും അതേസമയം അവരെപ്പററി ലവലേശം അനുകമ്പയില്ലാതെ മററുള്ളവർ അമിതമായ സുഖഭോഗങ്ങളിൽ മുഴുകി ജീവിക്കുകയും ചെയ്യുന്ന ഹൃദയാരുന്തുദമായ സ്ഥിതിവൈപരീത്യങ്ങൾ സർവത്ര കാണപ്പെടുന്നില്ലേ? തൊഴിലില്ലാതെ ദാരിദ്ര്യപീഡിതരായിരിക്കുന്ന ഇപ്പാവങ്ങൾ സനാതനങ്ങളായ സത്യധർമ്മങ്ങൾക്കു വിരുദ്ധമായ പാഷണ്ഡപ്പസ്ഥാനങ്ങളെ അവരുടെ പ്രത്യുദ്ധാരകന്മാർ എന്ന ഭാവേന ഏററവും സമർത്ഥമായി നയിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന നേതൃമ്മന്യന്മാരുടെ അത്യാകർഷകങ്ങളും അപകടപൂർണ്ണങ്ങളുമായ തത്വാഭാസങ്ങളാൽ വ്യാമോഹിതരായി വഞ്ചിക്കപ്പെടുന്നതു നാം കാണുന്നില്ലേ?........"നിങ്ങൾക്കു ശാന്തിഭവിക്കട്ടെ," എന്ന ആശീർവാദം നമുക്കു പ്രദാനംചെയ്തിരിക്കുന്ന ആ സമാധാന രാജാവിനെ, മൃത്യുഞ്ജയനെ, ശരണീകരിക്കുന്നതിന് എല്ലാവരോടും നാം ഉപദേശിക്കുന്നു. താൻ പ്രതിശ്രുവംചെയ്ത ആ ശാന്തി, ലോകത്തിനു തരാൻ സാധിക്കാത്ത തൻെറ സ്വന്തം ശാന്തി, മനുഷ്യഹൃദയങ്ങളുടെ ഭയങ്ങളെയും അസ്വസ്ഥതകളെയും മറെറാന്നിനും കഴിയാത്തവണ്ണം ശമിപ്പിക്കുന്നതിനു പര്യാപ്തമായ ആ ശാന്തി, അദ്ദേഹം നമുക്കു ധാരാളമായി സംപ്രദാനംചെയ്യുമാറാകട്ടെ. "എൻെറ ശാന്തി നിങ്ങൾക്കു ഞാൻ തരുന്നു; ലോകം തരുന്നതു പോലെയല്ലാ ഞാൻ നിങ്ങൾക്കു തരുന്നതു്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാവുകയോ ഭയപ്പെടുകയോ ചെയ്യാതിരിക്കട്ടെ" എന്നു് അദ്ദേഹം പറഞ്ഞിട്ടുണ്ടല്ലോ........മനുഷ്യരുടെ ബാഹ്യമായ ശാന്തി ആന്തരമായ ശാന്തിയുടെ പ്രതിഫലനമായിരിക്കണം. അതുകൊണ്ടു് ആത്മാവിലത്രെ ശാന്തി ആദ്യമായി ഉണ്ടാകേണ്ടതു്........ഇന്നേദിവസം പ്രത്യുത്ഥിതനായ ക്രിസ്തുഭഗവാൻ അപ്പോസ്തലന്മാർക്കു പ്രത്യക്ഷപ്പെട്ടു് അവർക്കു ശാന്തി ആശംസിച്ചപ്പോൾ, അതിനോടു് അനുബന്ധിച്ചു് കുമ്പസാരം എന്ന കൂദാശയും സ്ഥാപിച്ചു. ഈ കൂദാശ മരണത്തെ, പാപത്തെ, ജയിക്കുന്ന ദിവ്യമായ ചൈതന്യത്തെ ആത്മാവിൽ പുനഃസ്ഥാപിക്കുകയും നവീകരിക്കുകയും ചെയ്യുന്നു. കരുണയുടെയും ശാന്തിയുടെയും അക്ഷയമായ ഈ ഉറവിലേയ്ക്കു് പാവനമായ ഈ പെസഹാകാലത്തു് തൻെറ സകല മക്കളെയും നമ്മുടെ സ്നേഹംനിറഞ്ഞ തിരുസഭാമാതാവു് ഏററവും താല്പര്യപൂർവം വിളിക്കുന്നു. അവരെല്ലാവരും അവളുടെ ഈ ക്ഷണം സസന്തോഷം അനുസരിക്കുമെങ്കിൽ അവരുടെ ജീവിതം ക്രിസ്തുവിൽ എത്രമാത്രം ശാന്തിയും ആനന്ദവും നിറഞ്ഞതായിരിക്കും! 'നിങ്ങളുടെ ആത്മാവു് ജഡമോഹങ്ങളെ ജയിക്കുന്നതിനു സന്നദ്ധമാകുമോ? അതു് ഉത്തമമായ ശക്തിയ്ക്കു വശംവദമാകുമെങ്കിൽ, അധമമായ ശക്തിയെ അതു കീഴടക്കും; യഥാർത്ഥമായ ശാന്തിയാൽ നിങ്ങൾ പരിപൂരിതരാകും; അപ്പോൾ ദൈവം അന്തരംഗത്തെയും അന്തരംഗം ശരീരത്തെയും ഭരിക്കും. ഇതിനെക്കാൾ പൂർണ്ണതരമായ ഒരു മാർഗ്ഗമില്ല,' എന്നു സെയിൻറ് അഗസ്റ്റിനോടൊപ്പം ഞാൻ നിങ്ങളോടു പറയുന്നു. ദൈവമത്രെ തൻെറ ജനങ്ങൾക്കും ഉപാസകർക്കും ശാന്തി ആശംസിക്കുന്നതു്. നീതിയുടെ പരമോന്നതനായ പാലകനും ശാന്തിയുടെ പരമോന്നതനായ ദാതാവുമായ ദൈവത്തിൻെറ ആജ്ഞയനുസരിച്ചു മാത്രമാണു് ശാന്തിയും നീതിയും പരസ്പരം ആശ്ലേഷിച്ചിട്ടുള്ളതു്. "നീതിയുടെ പ്രവർത്തനഫലം ശാന്തിയും, നീതിയുടെ സേവനഫലം ശാശ്വതമായ സ്വസ്ഥതയും സുരക്ഷിതത്വവുമാകുന്നു." എന്നു് ഇസയാസ് പറയുന്നു........സുസ്ഥിരമായ ശാന്തി ഉണ്ടാകണമെങ്കിൽ, വെറും നീതിമാത്രം മതിയാവുകയില്ല; നീതിയോടൊപ്പം സ്നേഹവും വേണം........നീതിയും സ്നേഹവുമുണ്ടെങ്കിൽ, അദ്ധ്വാനവിവശമായ മനുഷ്യവർഗ്ഗത്തിൻെറമേൽ ശാന്തിയുടെ പ്രകാശരശ്മികൾ ചൊരിയും........"

# മാലാഖാസദൃശൻ പീയൂസ് ദ്വാദശൻ

( വിദ്വാൻ എൻ. കെ. ജോൺ, ബി. എ. )

ഒരു ശതവത്സരമഹോത്സവം! ഒരു വന്ദ്യവയോധികൻെറ ശതാബ്ദപൂർത്തിദിനാഘോഷം! റോമിലെ പച്ചേല്ലിഗോത്രത്തിന് അലങ്കാരഭൂതനാണ് അദ്ദേഹം! കർദ്ദിനാൾ കാണൽ തിരുമേനിയുടെ മഹനീയസാന്നിദ്ധ്യം ശതവർഷമഹാമഹത്തിനു മകുടം ചൂടുന്നു. തിരുമേനി ശതവയസ്കന് അഭിവാദനവും ആശീർവ്വചനവും സാദരം സമർപ്പിക്കുന്നു. പ്രഖ്യാതമായ പച്ചേല്ലിവംശത്തിൻെറ പ്രശസ്തിയെ ആ തീർത്ഥപാദൻ പ്രകീർത്തിക്കുന്നു: അതൊരു മറയാത്ത ചിത്രണം! മായാത്ത മുദ്രണം! പച്ചേല്ലിഗോത്രം സുപ്രസിദ്ധം. പ്രശസ്തരായ വ്യക്തികളാൽ അലംകൃതം. സകലരും വാണീവിലാസത്താൽ അനുഗൃഹീതർ, സംസ്കൃതമാനസർ, ആത്മസുഹൃത്തുക്കൾ. ചിലർ ഐഹികകാര്യങ്ങളിൽ പരിജ്ഞാനസമ്പന്നർ. മററു ചിലർ വിദേശപര്യടനത്താൽ പരിണതമതികൾ. ചുരുക്കത്തിൽ, ജ്ഞാനവും വിജ്ഞാനവും വിളയാടുന്ന പ്രബുദ്ധചേതസ്സുകളുടെ വിഹാരരംഗമാണ് പച്ചേല്ലിഗോത്രം. സരസവും സാരഗർഭവുമായ മിതഭാഷണം അവർക്കു ഭൂഷണമത്രേ.

അക്കൂട്ടത്തിൽ കനിഷ്ഠനാണെങ്കിലും വിശിഷ്ടനായ ഒരു വ്യക്തി കർദ്ദിനാൾ തിരുമേനിയെ ഹഠാദാകർഷിക്കുന്നു. ഒരു കറുത്ത നെടുംകുപ്പായം ധരിച്ചുകൊണ്ടു നിലകൊള്ളുന്ന ഒരു ബാലകൻ! തേജോമയമാണ് ആ ബാലസ്വരൂപം: അഭിരാമമായ വദനം. ചേതോഹരമായ ഭാവവിലാസങ്ങൾ. ലാളിത്യവും സാരള്യവും തുളുമ്പുന്ന ബാല്യചേഷ്ടകൾ. ആ വദനബിംബത്തിൽ പൗരുഷശ്രീ കളിയാടുന്നു. പ്രതിഭാകാന്തി തിളങ്ങുന്നു. കാര്യമാത്രപ്രസക്തി വിളങ്ങുന്നു. സർവ്വോപരി, സൗഹൃദം സ്ഫുരിക്കുന്ന സുസ്മിതം ലാലസിക്കുന്നു. രൂപഭദ്രതയെ അതിശയി

---

അസത്യത്തോടും അധർമ്മത്തോടുമുള്ള സമരത്തിൽ സത്യധർമ്മങ്ങൾ ജയിച്ച് ലോകത്തു ശാന്തി നിറഞ്ഞ ഒരു ശാശ്വത ധർമ്മസാമ്രാജ്യം സംസ്ഥാപിതമാകുന്നതിന് മനുഷ്യൻ കേവലം ഭൗതികശക്തിയെ അല്ല, ആദ്ധ്യാത്മികശക്തിയെ ആണ് ശരണീകരിക്കേണ്ടതെന്ന് ലോകൈക ധർമ്മസാർവഭൗമനായ ഈ മാർപ്പാപ്പാ ലോകായതികന്മാരായ രാഷ്ട്രനേതാക്കന്മാരെ ഇങ്ങനെ അനവരതം അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നു. "പ്രാർത്ഥിക്കാൻകഴിയുന്ന മനുഷ്യർക്കു മാത്രമേ സത്യവും അസത്യവും തമ്മിൽ, നന്മയും തിന്മയും തമ്മിൽ, ആസ്തിക്യവും നാസ്തിക്യവും തമ്മിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന ഘോരസമരത്തിൽ വിജയം നേടാൻ സാധിക്കുകയുള്ളു. . . . . . ലോകത്തെ സാമ്രാജ്യങ്ങൾ കടലിലെ തിരമാലകളെപ്പോലെ അലറുകയും തമ്മിൽ മുട്ടിപ്പൊട്ടിച്ചിതറുകയും ചെയ്യുമ്പോൾ, വൻ തോക്കുകളുടെ വെടിമുഴക്കത്താൽ ഭൂമി കലുങ്ങുമ്പോൾ, സമുദ്രങ്ങൾ അവയുടെ അഗാധങ്ങളായ ഗളനാളങ്ങളെ മനുഷ്യരെയും ചരക്കുകളെയും വിഴുങ്ങുന്നതിനായി തുറന്നു വച്ചിരിക്കുമ്പോൾ ആകാശത്തു കൊടുംകാററിനെക്കാൾ പ്രചണ്ഡങ്ങളായ ചുഴലികൾ ജനങ്ങളെ ഭയവിഹ്വലരാക്കുമ്പോൾ, മിന്നലിൻെറ ചിറകുകളെ നിയന്ത്രിക്കുന്ന സനാതനരാജാവായി, ലോകജേതാവായി, നമ്മുടെ ഉപകാരികയിൽ അന്തർഹിതനായിരിക്കുന്ന ദൈവത്തെ ശരണീകരിക്കുകയല്ലാതെ, നമുക്കു ശരണ്യമായി മറെറന്തെങ്കിലുമുണ്ടോ? മാർപ്പാപ്പായുടെ ഈ ധാർമ്മികശക്തിയെയും സമാധാനശ്രമങ്ങളെയും പററി ആരോ സ്റ്റാലിനോടു പ്രസ്താവിച്ചപ്പോൾ, ഭൗതികാധികാരപ്രമത്തനായ ആ ധർമ്മവിരോധി, "മാർപ്പാപ്പായോ, അയാൾക്കു സൈന്യവ്യൂഹങ്ങൾ എത്ര ഉണ്ടു ?" എന്ന് സാവജ്ഞം പ്രതിവചിച്ചതായി പറയപ്പെടുന്നു. ജഗജ്ജേതാവായ ക്രിസ്തുവിൻെറ പ്രതിപുരുഷനായി, സാക്ഷാൽ ധർമ്മസാർവ്വഭൗമനായി ദിവ്യശ്രീയോടെ വിരാജിക്കുന്ന മാർപ്പാപ്പായ്ക്കധീനമായിരിക്കുന്ന ധർമ്മസാമ്രാജ്യവും ആദ്ധ്യാത്മികശക്തിയും അജയ്യമാണെന്നും 'നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ല' എന്നും സ്റ്റാലിൻ പ്രഭൃതികളെയും ചരിത്രം ബോധ്യപ്പെടുത്തും, സംശയമില്ല.

ക്കുന്ന ഭാവഭദ്രത പൂണ്ടു് അന്നു കർദ്ദിനാൾ കാണൽ തിരുമേനിയെ ആകർഷിച്ച ബാലമുകുളം ആരു്? അതു് മററാരുമല്ല. ഇന്നു പ്രഫുല്ലകുസുമമായി, ഭാവസൗന്ദര്യവും ത്യാഗസൗരഭ്യവും സ്നേഹധാവള്യവും വീശി വിശ്വത്തെ വശീകരിച്ചു് അദ്ധ്യാത്മമഹാമണ്ഡലത്തിന്റെ സമ്രാട്പദം അലംകരിച്ചു വാണരുളുന്ന മാർപ്പാപ്പാ പീയൂസ് ദ്വാദശൻ തിരുമേനി തന്നെ.

1876 മാർച്ചു രണ്ടാംതീയതിയാണു് എവുജേനിയോ സ്വജനനത്താൽ പച്ചേല്ലിഗോത്രത്തെ പവിത്ര




എവുജേനിയോ സതീർത്ഥ്യരുടെ മദ്ധ്യത്തിൽ

മാക്കിയതു്. ലീലാലോലനായിരുന്നെങ്കിലും അന്തസ്സാരം തിളങ്ങുന്ന ഭാവവിശേഷത്തോടുകൂടി, ആ ഓമനത്തിങ്കൾക്കിടാവു് വളർന്നുവന്നു. ആ ബാലചന്ദ്രൻ ക്രമപ്രവൃദ്ധമായി വികാസം പൂണ്ടു് ഇന്നു കലാസമ്പൂർണ്ണനായി തിരുസഭാനഭസ്സിൽ അക്ഷയഭാസ്സുവീശി പ്രകാശിക്കുന്നു.

എവുജേനിയോ പ്രാഥമികവും മാദ്ധ്യമികവുമായ അദ്ധ്യയനകേന്ദ്രങ്ങൾ അനുസ്യൂതം കടന്നു് ഹൈസ്കൂൾ വിദ്യാനിലയത്തിൽ എത്തിച്ചേർന്നു. ആരോഗ്യഹാനിയാൽ അഭ്യസനത്തിന്റെ അനുസ്യൂതിക്കു് അല്പമായ ഭംഗം നേരിട്ടെങ്കിലും അചിരേണ ഹൈസ്കൂൾ വിദ്യാനികേതവും തരണംചെയ്തു് ആ ഉത്തമവിദ്യാർത്ഥി

സർവകലാലയാഭ്യസനത്തിനു സന്നദ്ധനായി. വൈദികപദം അഭിലഷിച്ചു് ആ സദ്വൃത്തൻ ഗ്രിഗോറിയൻ സർവകലാശാലയിൽ ചേർന്നു തത്വശാസ്ത്രം അഭ്യസിച്ചു. അനന്തരം പൊന്തിഫിക്കൽ സർവകലാനിലയത്തിലെത്തി ദൈവശാസ്ത്രപഠനംപൂർത്തിയാക്കി. ആ കലാലയവിദ്യാർത്ഥിയുടെ വേദാദ്ധ്യയനജീവിതകാലം ഭാസുരവും സമുജ്ജ്വലവുമായിരുന്നു. 1899-ൽ ആ സച്ചരിതൻ വൈദികപദം പ്രാപിച്ചു. നവപൂജാർപ്പണവേളയിൽ റോമൻ ജനതയ്ക്കു വിമോചനം ലഭിക്കാൻ ആ വൈദികസത്തമൻ ആത്മാർത്ഥമായി അഭ്യർത്ഥിച്ചു. ദീനജനസേവനത്തിനുള്ള അഭിവാഞ്ഛ അദ്ദേഹത്തിൽ അന്നേതന്നെ മൊട്ടിട്ടുവിളങ്ങി.

1901-ൽ ആ വേദകോവിദൻ സ്റ്റേററ് സെക്രട്ടറിയേററിലെ ഉദ്യോഗമണ്ഡലത്തിൽ പ്രവേശിച്ചു. മൂന്നുവർഷം കഴിഞ്ഞപ്പോൾ അദ്ദേഹം 'കാനൻ നിയമപണ്ഡിതൻ' എന്ന കൃച്ഛ്റസാദ്ധ്യമായ ഒരുന്നത ബിരുദം നേടി. വിദ്വച്ഛിരോമണിയായ കർദ്ദിനാൾ ഗസ്പാരിയുമായി തിരുസഭയിലെ കാനൻ നിയ



നവവൈദികൻ

മാവലി സംവിധാനം ചെയ്യാൻ നിയമപണ്ഡിതവരേണ്യനായ പച്ചേല്ലി നിയുക്തനായി. കോൺഗ്രിഗേഷനിലെ ഒരുന്നദ്യോഗസ്ഥനായി പ്രശോഭിച്ചിരുന്ന മോൺസിഞ്ഞോർ പച്ചേല്ലിയെ 1914-ൽ കോൺഗ്ര

ഗേഷൻ സെക്രട്ടറിയാക്കി ഉയർത്തി. അക്കാലത്താണു് ഒന്നാമത്തെ ലോകമഹാസമരരാക്ഷസൻ ഘോരാട്ടഹാസത്തോടുകൂടി പ്രത്യക്ഷപ്പെട്ടതു്. മഹാസമരരക്ഷസ്സിൻെറ കൊട്ടംപിടിയിൽപ്പെട്ടു് ലോകം ഞെങ്ങിഞെരിഞ്ഞുതുടങ്ങി. പടയാളികളിൽ പലരും ബന്ധനസ്ഥരും ക്ഷതഗാത്രരുമായി രൂപാന്തരപ്പെട്ടു. അനാഥരും വിധവകളും ഭവനരഹിതരും ആകാംക്ഷാഭരിതരുമായ നിരവധി ആളുകൾ നിരാലംബരായി ഉഴന്നു. ഉത്കണ്ഠാകുലരായ ഈ അഭയാർത്ഥികളുടെ കാര്യമന്വേഷിക്കാൻ തിരുസിംഹാസനത്തിൽ നിന്നും നിയോഗിച്ചതു് ദീനദയാലുവായ മൊൺസിഞ്ഞോർ പച്ചെല്ലിയെത്തന്നെയായിരുന്നു. പ്രതികൂലസാഹചര്യങ്ങളിൽ ശോചനീയാവസ്ഥയിൽപ്പെട്ടു നട്ടംതിരിയുന്നവരുടെ ദുരിതനിവാരണം സുകരമല്ലല്ലോ. എന്നിട്ടും കരൾക്കരുത്തോടുകൂടി അവിശ്രമം പരിശ്രമിച്ചു് വൈരുദ്ധ്യങ്ങളും വൈപരീത്യങ്ങളും അതിലംഘിച്ചു് കർത്തവ്യം നിർവഹിക്കുന്ന വിഷയത്തിൽ അദ്ദേഹം പ്രദർശിപ്പിച്ച സ്നേഹസാരള്യവും കർമ്മകൗശല്യവും വിസ്മയാവഹമായിരുന്നു.

1917-ൽ മോൺസിഞ്ഞോർ പച്ചെല്ലിയെ ബവേറിയായിലെ നൺഷിയോ ആയി നിയമിച്ചു. അയാണ്ടു തന്നെ അദ്ദേഹത്തെ സർഡിസിലെ ആർച്ചുബിഷപ്പായും അവരോധിച്ചു. ആ ശോഭനദിനത്തിൽത്തന്നെയാണു് മംഗളസ്വരൂപിണിയായ നമ്മുടെ നാഥ ഫാത്തിമായിൽ ആദ്യമായി മൂന്നു കുട്ടികൾക്കു് പ്രത്യക്ഷപ്പെട്ടതു്. അപ്രതീക്ഷിതമായി ആപത്തു നേരിടാവുന്ന ആ ദുർഘടസന്ധിയിൽ സമാധാനസന്ദേശവും വഹിച്ചുകൊണ്ടു് ആ മഹാനുഭാവൻ എത്ര എത്ര രാജസൗധങ്ങളിൽ നിർഭയം സന്നിഹിതനായിട്ടുണ്ടു്. ഒരു സന്ദർഭത്തിൽ ആ ധീരാഗ്രണി ചെമ്പടയാളികളുടെ രക്തപങ്കിലമായ ഹസ്തങ്ങളിൽനിന്നും അത്ഭുതകരമായി രക്ഷ പ്രാപിച്ച വസ്തുതയും പ്രസ്താവ്യമാണു്. കാലക്രമേണ വൈദികോത്തംസമായ പച്ചെല്ലിയുടെ തീക്ഷ്ണമായ പ്രാർത്ഥനയാലും തീവ്രമായ പ്രയത്നത്താലും ജർമ്മനി മുഴുവനും തിരുസിംഹാസനത്തിലെ പ്രതിപുരുഷന്മാരെ സ്വീകരിച്ചു അതു് വൈദികാവതംസമായ പച്ചെല്ലിയുടെ ജീവിതഗ്രന്ഥത്തിലെ പ്രഭാപൂരിതമായ അദ്ധ്യായങ്ങളിലൊന്നാണു്. ഒരു വ്യാഴവട്ടക്കാലം ആ സ്നേഹദൂതൻ സഭയുടെ പുലച്ച്യ്യും സമാധാനപരിരക്ഷണത്തിനും ക്രമപരിപാലനത്തിനുമായി ജർമ്മനിയിൽ നിരന്തരമായി വ്യാപരിച്ചുകൊണ്ടിരുന്നു. ആ ദീനബന്ധുവിൻെറ മാഹാത്മ്യദ്യോതകമായ തേജോവിശേഷവും ഹൃദയാവർജ്ജകമായ മന്ദഹാസവും സൗമ്യസരളമായ ശബ്ദമധുരിമയുമാണു് സ്വകൃത്യസാഫല്യത്തിനു് മാർഗ്ഗദീപമായി വിലസിയതു്. സമാധാനദൗത്യം ശിരസാവഹിച്ചുകൊണ്ടു് ലോകശാന്തിക്കായി അക്ഷീണയത്നം ചെയ്തുവന്ന ആ ശാന്തിനികേതം ബർലിനിൽനിന്നും റോമിലേക്കു പ്രത്യാഗമിക്കവേ അനേകസഹസ്രം ജർമ്മൻകത്തോലിക്കർ ഹസ്തദീപവുമായി റെയിൽവേ സ്റ്റേഷനിലണഞ്ഞു് അണിനിരന്നുനിന്നു് അഭിനന്ദനഗീതങ്ങൾ ആലപിച്ചു് കെങ്കേമമായി യാത്രയയച്ച രംഗം തങ്കലിപികളിൽ അങ്കിതമായിട്ടുണ്ടു്.

ദിഗന്തകീർത്തിതനായ കാർഡിനൽ ഗസ്പാരിയുടെ സമുന്നതമായ സ്ഥാനം ഒഴിഞ്ഞപ്പോൾ തൽസ്ഥാനം അലങ്കരിക്കുവാൻ സർവഥാ അനുരൂപനായ ഒരു പണ്ഡിതചൂഡാമണി കാർഡിനൽ പച്ചെല്ലിയല്ലാതെ മററാരുമുണ്ടായിരുന്നില്ല. വിവിധരാജ്യങ്ങളുമായുള്ള സഭാവിഷയകമായ ഗുരുതരപ്രശ്നങ്ങൾ പര്യാലോചിച്ചു തീരുമാനിക്കുവാൻ പലപ്പോഴും നിയുക്തനായിട്ടുള്ളതു് ഈ മാഹമനസ്കനാണു്. ഇററലിയിലെ ഫാസിസപ്രശ്നം, ജർമ്മനിയിലെ നാസിസപ്രശ്നം, മെക്സിക്കോവിലെ മതപീഡനപ്രശ്നം മുതലായ ദുസ്തരപ്രശ്നങ്ങളെ വിജയപൂർവം നേരിടുന്നതിനു് ആ വിശാലാശയനുണ്ടായിരുന്ന ആത്മവീര്യവും കാര്യചാതുരിയും ധിഷണാനൈപുണിയും നിസ്തുല്യമെന്നേ പറയേണ്ടു.

വിളംബംവിനാ ആ അപ്രതിമപ്രഭാവൻ 'പെൻറക്കോസ്റ്റൽവാഗ്മി' എന്ന അനന്യസാമാന്യമായ പദവിയും കരഗതമാക്കി. വിവിധ ഭാഷാപണ്ഡിതനായ കാർഡിനൽ പച്ചെല്ലി 1930മുതൽ 39 വരെ നടത്തിയിട്ടുള്ള സരസസാരസമ്പുഷ്ടമായ പ്രഭാഷണങ്ങൾ ലോകോത്തരഭാഷകളിൽ പരിഭാഷപ്പെടുത്തുന്നതിനു് നിതരാംപര്യാപ്തമാണു്. റോബെർട്ടു്ബെല്ലാർമിനു സിദ്ധപദം നൽകിക്കൊണ്ടും രണ്ടാമത്തെ അന്തർദ്ദേശീയ മുദ്രണകോൺഗ്രസ്സിനെ അഭിമുഖീകരിച്ചുകൊണ്ടും വചോവിലാസത്തോടുകൂടി അദ്ദേഹം ചെയ്ത ഉദ്ബോധജനകമായ പ്രസംഗം ഉത്പന്നമതികളായ സദസ്യരെ അകമാനം അപഹൃതചിത്തവൃത്തികളാക്കിത്തീർത്തു.

1939-ൽ കർദ്ദിനാൾ പച്ചേല്ലി തിരുമനസ്സിലെ 63-ാമത്തെ വയസ്സിൽ തിരുസഭാചരിത്രത്തിൽ ഒരു സുവർണ്ണദിനം സമാഗതമായി. അന്നാണു പൊന്നുതിരുമേനിയെ കത്തോലിക്കാതിരുസഭയുടെ പരമാദ്ധ്യക്ഷനായി തിരഞ്ഞെടുത്തതു്. തദനന്തരം അഗ്രാസനാധിപനായ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് അനുഷ്ഠിച്ചിട്ടുള്ള സഭാസേവനം അവർണ്ണനീയമാണു്. യുവജനവിദ്യാഭ്യാസം വികസിതമാക്കുന്നതിനും വൈവാഹികബന്ധത്തിന്റെ പവിത്രത പുലർത്തുന്നതിനും പൗരോഹിത്യത്തിന്റെ മഹനീയത പൂർവാധികം പ്രവൃദ്ധമാക്കുന്നതിനും തിരുമേനി ബദ്ധപരികരനായി. വിദ്യാഭ്യാസകേന്ദ്രങ്ങൾ സംസ്ഥാപിച്ചും സുവിശേഷപ്രചാരണപരിധി വ്യാപിപ്പിച്ചും പ്രാദേശികവൈദികരുടെ മതതീക്ഷ്ണത വർദ്ധിപ്പിച്ചും മഹത്തരസേവനം നിർവഹിച്ചു. അതിനുംപുറമേ ദിവ്യകാരുണ്യസമ്മേളനങ്ങളിൽ ക്രിസ്തുവിനെ രാജരാജനായി പ്രകീർത്തനം ചെയ്തു. അൽമായരെ കത്തോലിക്കാപ്രവർത്തനത്തിന്റെ അപ്പസ്തോലന്മാരാക്കി ക്രിസ്തുവിന്റെ ശാന്തിയും വാഴ്ചയും വ്യാപിപ്പിച്ചു. ഇങ്ങനെ സഭയുടെ അന്തശ്ശക്തി വികസിപ്പിക്കുന്നതിനും പ്രസരിപ്പിക്കുന്നതിനും നാനാമുഖമായി വിപുലമായ പരിപാടി ആസൂത്രണം ചെയ്തു് ആഗോളവ്യാപകമായി കത്തോലിക്കാപ്രവർത്തനം നടത്തി ശാന്തിയുടെ കാന്തിയും നീതിയുടെ ഭൂതിയും ദീനസേവനത്തിന്റെ അനുരഞ്ജനശക്തിയും പരത്തി ഭൂമിയെ അഭൗമമാക്കാനും മാനവനെ വാനവനാക്കാനും കൃതപ്രതിജ്ഞനായി വാണരുളുന്ന ലോകബന്ധുവായ മാപ്പാപ്പാ പീയൂസ് ദ്വാദശൻതിരുമേനിക്കു് 80-ാമത്തെ തിരുവയസ്സുതികയുന്ന ഭാസുരമായ ഈ അവസരത്തിൽ ആയുരാരോഗ്യാദിസൗഭാഗ്യ



തിരഞ്ഞെടുപ്പിനുശേഷം

# രക്തം ചിന്താത്ത വേദസാക്ഷി

(Fr. J. Koilparampil)

"ഞാൻ ആരെയും ഭയപ്പെടുന്നില്ല. എന്റെ ഭാഗധേയങ്ങൾ ദൈവത്തിന്റെ തൃക്കരങ്ങളിലാണു്.



എന്റെ ജനത്തെ രക്ഷിക്കുന്നതിൽ കൂടുതലായി എനിക്കു യാതൊരു താല്പര്യവുമില്ല. എന്നെ വധിക്കുന്നതുകൊണ്ടു നിങ്ങൾക്കു യാതൊന്നും ലഭിക്കാൻ പോകുന്നില്ല."

ആദ്ധ്യാത്മിക ചൈതന്യത്താൽ തിളങ്ങുന്ന കണ്ണുകളോടുകൂടി തങ്ങളുടെ മുമ്പിൽ നിന്നുകൊണ്ടു് മേല്പറഞ്ഞ വാക്യങ്ങൾ ശാന്തമായും, നിർഭയമായും, സ്ഫുടമായും ഉച്ചരിച്ച ആ ഗംഭീരനായ മഹാനുഭാവന്റെ മുൻപിൽ ശത്രുക്കളുടെ തോക്കുകൾ താനെ വീണുപോയി. "എന്തുകൊണ്ടു് അയാളെ വധിച്ചില്ല" എന്ന തങ്ങളുടെ മേലധികാരിയായ എഗൽഹോഫരുടെ ചോദ്യത്തിനു ഒരു മറുപടി കൊടുക്കുവാൻ സേനാധിപനായ സെയിലറിനും അയാളുടെ സഹപ്രവർത്തകനായ ബ്രൌൻഗ്രാററ്സിനും സാധിച്ചില്ല. ഇതു് സംഭവിച്ചതു് 1917 ഏപ്രിൽമാസം 29-ാംതീയതി മൂന്നു മണിക്കാണു്. ഒന്നാം ലോകമഹായുദ്ധത്തിന്റെ രൂക്ഷത ഏററവും കൂടുതൽ അനുഭവിച്ചതു് ജർമ്മനിയാണു്. അവളുടെ സാമ്പത്തിക തകർച്ചയുടേയും, രാഷ്ട്രീയ കോളിളക്കങ്ങളുടേയും, സൈനിക പരാജയങ്ങളുടേയും മദ്ധ്യേ— 'ചുവപ്പുസേന'യുടെ ഭീകരവാഴ്ച അവിടെ നടമാടുമ്പോൾ, മ്യൂനിച്ചിലേയും, ബർലിനിലേയും ഇൻറർ നൂൺസിയോയായി നിയമിതനായ ആർച്ച്ബി

---

സിദ്ധികൾ സർവ്വവും സർവേശ്വരൻ കനിഞ്ഞു പ്രദാനം ചെയ്യുമാറാകണമേ എന്നു് നമുക്ക് ഓരോരുത്തർക്കും അകമഴിഞ്ഞു പ്രാർത്ഥിക്കാം.

'നീതിയുടെ ചെയ്തിയാണു ശാന്തി' എന്ന മുദ്രാവാക്യമാണു് പന്ത്രണ്ടാം പീയൂസ് തിരുമേനിയുടെ വിജയപതാക. ജീവിതവിജയം കൈവരുത്തുന്നതിനു് നീതിപരിപാലിക്കാൻ ആ നീതിനിഷ്ഠൻ സ്നേഹപുരസ്സരം അനുശാസിക്കുന്നു. നീതിയുടെ പരിണതഫലമാണല്ലോ ശാന്തി. നീതിപരിപാലിക്കാതെ—നീതി നടത്താതെ ശാന്തി കൈവരുകയില്ല തന്നെ. ഇന്നു് അനീതി നാടെങ്ങും നടമാടുന്നതിൽ തിരുമേനി ഖേദിക്കുന്നു. നീതിബോധമില്ലാതെ ഒരുകൂട്ടർ ധൂർത്തടിച്ചു് ധനം മുടിക്കുന്നു. മററൊരുകൂട്ടർ അഷ്ടിക്കു വകയില്ലാതെ പട്ടിണികിടന്നു ചാകുന്നു. അല്ലാത്തപക്ഷം, ഈ പട്ടിണിക്കൂട്ടം വിപ്ളവകാരികളുടെ മധുരഭാഷണങ്ങളിൽ മയങ്ങി അവർക്ക് ഇരയായിത്തീർന്നു നികൃഷ്ടതയിൽ അടിഞ്ഞുപോകുന്നു. ഇതിനെല്ലാം മുഖ്യകാരണം നീതിനടത്തായ്കയാണു്. വേലിതന്നെ വിളവുതിന്നുന്നതു് മഹാപരാധമാണു്. യാതൊരു കാരണവശാലും സാധൂകരിക്കത്തക്കതല്ല ആ അപരാധം. അതു ക്ഷന്തവ്യവുമല്ല. അക്ഷന്തവ്യമായ ഈ അപരാധത്താൽ—അനീതിബാധയാൽ ലോകത്തിൽ ശാന്തി മറഞ്ഞുപോയിരിക്കുന്നു; അല്ല, മാഞ്ഞുപോയിരിക്കുന്നു. ഈ ശാന്തി പുനരാവിർഭവിക്കണമെങ്കിൽ, പുനർജ്ജീവിക്കണമെങ്കിൽ നീതി കുസുമം വികസിക്കുകയും കാന്തിയും പരിമളവും പരത്തി ലോകത്തെ സാഹോദര്യത്തിലേക്കു ആകർഷിക്കുകയും ചെയ്യേ മതിയാകൂ. ഇത്തരം സ്നേഹനിർഭരമായ ആശയങ്ങളും ആദർശങ്ങളും തിരുമേനിയുടെ ഹൃദയസരസ്സിൽ അലതല്ലുന്നുണ്ടു്.

സമരകാലത്തു് മാലാഖാസദൃശനായ പീയൂസ് ദ്വാദശൻ ചെയ്തിട്ടുള്ള ഉദാരമായ ദീനസേവനം വിചാരസീമയെ അതിക്രമിക്കുന്നു. ലക്ഷക്കണക്കിനു് കോട്ടും സൂട്ടും സംഭരിച്ചും കണക്കില്ലാതെ ഭക്ഷണസാധനങ്ങൾ സംഭരിച്ചും ദുരിതപൂരിതരായ ലക്ഷോപലക്ഷം ജനങ്ങൾക്കു നിർല്ലോഭം സംഭാവന ചെയ്തുവന്ന തിരുമേനിയുടെ ആർത്തത്രാണപ്രവണത ശ്ലാഘനീയമത്രേ. നീതിക്കുവേണ്ടി വിശപ്പും ദാഹവും സഹിച്ചു് ദുസ്സഹദുഃഖം, അനുഭവിക്കുന്ന ധീരാത്മാക്കൾ തിരുസഭാധിപന്റെ നേരെ ദയനീയമായ ദൃഷ്ടികൾ തിരിച്ചു് ദിനംദിനം രോദനം ചെയ്യുമ്പോൾ അതു ശ്രവിക്കാതിരിക്കുക അസാദ്ധ്യമാണെന്നാണു് കരുണാശീതളസ്വാന്തനായ തിരുമേനിയുടെ പ്രഖ്യാപനം. ജീവിതോദ്ദേശ്യമായ ജന്മസാഫല്യം നേടുന്നതിനു—നിത്യാനന്ദമടയുന്നതിനു നീതിപൂർവകമായ ജീവിതം അത്യന്താപേക്ഷിതമാണല്ലോ. നീതിപുരസ്സരം ജീവിക്കുവാൻ പരസ്പരം സഹിക്കുകയും സഹായിക്കുകയും, അന്യോന്യം ആലോചിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യണമെന്നുള്ളതാണു് പുണ്യപുരുഷനായ തിരുമേനിയുടെ പരമാഭിലാഷവും സ്നേഹസന്ദേശവും. മാലാഖാസദൃശൻ പീയൂസ് ദ്വാദശൻ വിജയിക്കട്ടേ!! നീണാൾ വാഴട്ടേ!!

ഷപ്പ് എവുജേനിയൂസ് പച്ചേലി, സമാധാന സന്ദേശവാഹകനായി പ്രത്യക്ഷപ്പെടുകയും 'ചുവപ്പുസേന'യുടെ ഭീഷണികളെ വകവയ്ക്കാതെ അദ്ദേഹം മ്യൂനിച്ച് ഭദ്രാസനദേവാലയത്തിലെ പ്രസംഗപീഠത്തിൽ നിന്നു കൊണ്ടു് തിന്മയേയും അനീതിയേയും ശക്തിയുക്തം കുററപ്പെടുത്തിക്കൊണ്ടും, ശാന്തിയുടെ സന്ദേശം നൽകിക്കൊണ്ടും പ്രൗഢഗംഭീരമായി പ്രസംഗിക്കുകയും ചെയ്തു. അദ്ദേഹത്തെ കൊല്ലുന്നതിനുതന്നെ ശത്രുക്കൾ തയ്യാറായി. അതിന്റെ പ്രത്യാഘാതമാണു് മേൽപറഞ്ഞ സംഭവം.

ഇതും ഇതുപോലുള്ള 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ജീവിതത്തിലെ മററു പല സംഭവങ്ങളും ശരിയായി മനസ്സിലാക്കിയതിന്റെ ശേഷമാണു് സുപ്രസിദ്ധ വാഗ്മിയും ഗ്രന്ഥകാരനുമായ മോൺസിഞ്ഞോർ ഫുൾട്ടൻഷീൻ നമ്മുടെ മാർപ്പാപ്പാ തിരുമനസ്സിനെ 'രക്തം ചിന്താത്ത വേദസാക്ഷി' എന്നു അഭിസംബോധന ചെയ്യുന്നതു്. തന്റെ സംഭവബഹുലവും അപകട പൂർണ്ണവുമായ ജീവചരിത്രം ഈ സമർത്ഥനത്തിനു ശരിയായ തെളിവുകൾ പ്രദാനം ചെയ്യുന്നുണ്ടു്.

മാർപ്പാപ്പാ തിരുമനസ്സിലെ 80-ാമത്തെ ജന്മനാളും, തന്റെ കിരീടധാരണത്തിന്റെ 17-ാം വാർഷികവും നാം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ പാപ്പാധിപത്യത്തിന്റെ മാഹാത്മ്യത്തെപ്പററി അല്പമായി ചിന്തിക്കുന്നതും, 12-ാം പീയൂസ് പാപ്പാ തിരുമനസ്സിലെ വ്യക്തിമാഹാത്മ്യങ്ങളെ മനസ്സിലാക്കുവാനായി തന്റെ ജീവിതകഥയിലേക്കൊന്നു എത്തിനോക്കുന്നതും ഏററവും സമുചിതമാണു്.

തിരുഹൃദയപ്രേഷിതൻ എന്ന അപരാഭിധാനത്താൽ പ്രശസ്തനായ ഫാദർ മത്തേയോക്രൗളി "സ്നേഹരാജന്റെ പ്രതിനിധി"യെപ്പററി പറയുന്ന വാക്യങ്ങൾ ഏററവും ശ്രദ്ധാർഹമാണു്. "ഈശോയുടെ കരുണാർദ്രമായ ഹൃദയത്തിൽനിന്നുള്ള അനർഘമായ ദാനങ്ങളിൽ ഒന്നാണു് മാർപാപ്പാ. വി. പത്രോസ് മൂന്നു പ്രാവശ്യം സ്നേഹം വാഗ്ദാനംചെയ്തു കഴിഞ്ഞപ്പോൾ ദിവ്യനാഥൻ, രാജാക്കന്മാരുടേയും പ്രജകളുടേയുംമേൽ പരിപൂർണ്ണമായ അധികാരവും വിശ്വാസികളെ ഭരിക്കുന്നതിനു ശക്തിയും നൽകിക്കൊണ്ടു് അദ്ദേഹത്തെ തന്റെ പ്രതിനിധിയാക്കി; പ. പിതാവിനുള്ള സ്ഥാനം ലോകത്തിലുള്ളതിൽ ഏററവും ഉയന്നതാണു്. വത്തിക്കാൻ നഗരത്തെ പുതിയ നിയമത്തിലെ സീനാ എന്നു നമുക്കു വിളിക്കാം. മോസസ് ദീർഘദർശിയെപ്പോലെ ദൈവത്തിന്റെ തിരുവുള്ളത്തെ വെളിപ്പെടുത്തിക്കൊണ്ടു് പ. പിതാവു് അവിടെ വസിക്കുന്നു. മാർപാപ്പായെ നമ്മുടെ കർത്താവിനെപ്പോലെതന്നെ നാം സ്നേഹിക്കുകയും, ബഹുമാനിക്കുകയും, അനുസരിക്കുകയും വേണം."

റോമിലെ മെത്രാനും, ക്രിസ്തുവിന്റെ പ്രതിപുരുഷനും, വി. പത്രോസിന്റെ പിൻഗാമിയും, സാർവ്വത്രികസഭയുടെ പരമാദ്ധ്യക്ഷനും, പാശ്ചാത്യരാജ്യങ്ങളുടെ പ്രൈമേററും, ഇററലിയുടെ പത്രിയർക്കീസും, റോമൻ പ്രവിശ്യയുടെ അതിമെത്രാനും, വത്തിക്കാൻ രാജ്യത്തിന്റെ രാജാവും എന്നീ വിവിധ നിലകളാൽ ചുമതലയേറിയ കർത്തവ്യഭാരത്തോടെ ഭരണം നടത്തുന്ന വിശുദ്ധ മാർപാപ്പാ ലോകമാസകലമുള്ള കത്തോലിക്കരുടെ മാത്രമല്ല, സർവ ജാതിമതസ്ഥരുടേയും ബഹുമാനാദരങ്ങളെ സമാർജ്ജിക്കുന്ന ഒരു മഹാവ്യക്തിയാണു്—പാപ്പാധിപത്യം ഒരു മഹാസ്ഥാപനമാണു് എന്നു പറയുമ്പോൾ അതിൽ അതിശയോക്തി ലേശംപോലുമില്ല. ഒരു ആദ്ധ്യാത്മിക പിതാവെന്ന നിലയിൽ കത്തോലിക്കാ തിരുസഭയെ ഭരിക്കുന്നതോടുകൂടിതന്നെ, രാഷ്ട്രീയവും, അന്തർരാഷ്ട്രീയവും, സാമൂഹികവുമായ എല്ലാ രംഗങ്ങളിലും തന്റെ പ്രേരണാശക്തി ചെലുത്തിക്കൊണ്ടു്, തന്റെ വ്യക്തിമുദ്ര പതിച്ചുകൊണ്ടു്, സമാധാനത്തിന്റെ സന്ദേശവാഹകനായി മാർപാപ്പാ സർവ്വോല്ക്കർഷേണ വിരാജിക്കുന്നു.

എവുജേനിയൂസ് പച്ചേലി വി. പത്രോസിന്റെ 261-ാമത്തെ പിൻഗാമിയാണു്. 1876 മാർച്ചു മാസം 2-ാംതീയതിയാണു് അദ്ദേഹം ജാതനായതു്. 1899 മാർച്ചുമാസത്തിൽ 24-ാമത്തെ വയസ്സിൽ അദ്ദേഹം വൈദികപട്ടം സ്വീകരിച്ചു. ഒരു യുവവൈദികനായിരിക്കുമ്പോൾതന്നെ അദ്ദേഹം പാപ്പായുടെ സെക്രട്ടേരിയററിൽ 1911-ൽ നിയമിതനാകുകയും തന്റെ അനിതരസാധാരണമായ ഗുണവിശേഷങ്ങൾ പത്താംപീയൂസ്, പതിനഞ്ചാം ബെനഡിക്ട്, പതിനൊന്നാം പീയൂസ് എന്നീ മാർപാപ്പാമാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു അർഹമാകുകയുംചെയ്തു. സാർദസിലെ ആർച്ച്ബിഷപ്പ്, മ്യൂനിച്ച്, ബർലിൻ

എന്നീ സ്ഥലങ്ങളിലെ മാർപാപ്പായുടെ പ്രതിനിധി, കർദ്ദിനാൾ എന്നീ ഉന്നതസ്ഥാനങ്ങളിലേയ്ക്കുയർത്തപ്പെട്ട തിരുമേനി അത്ഭുതാവഹമായ ധീരതയോടും, വിവേകത്തോടും പ്രഗത്ഭതയോടും തന്നെ ഭരമേല്പിച്ച ജോലികളെ പ്രശസ്തമാംവിധം നിർവഹിച്ചിരുന്നു. 'വിശ്രുതനായ പണ്ഡിതവരേണ്യൻ' എന്നും 'വത്തിക്കാനിലെ നയതന്ത്രജ്ഞൻ' എന്നും അറിയപ്പെട്ടിരുന്ന കർദ്ദിനാൾ പച്ചേലി 1930 ഫെബ്രുവരിമാസം ഏഴാം തീയതി സെക്രട്ടറി ഓഫ് സ്റ്റേററ് എന്ന സമുന്നത സ്ഥാനത്തേയ്ക്കു് അവരോധിക്കപ്പെട്ടു. ഈ ഉദ്യോഗത്തിൽ മാർപാപ്പായുടെ 'വലത്തെകരം' എന്ന നിലയിൽ കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോഴും പ്രവചനങ്ങളിലെ 'മാലാഖയ്ക്കൊത്ത ഇടയൻ' (Pastor Angelicus) ആകേണ്ടിയിരുന്ന തിരുമേനി ആഗ്രഹിച്ചതു് ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി ജീവാർപ്പണം ചെയ്യണമെന്നായിരുന്നു. ഇക്കാലത്തു് രണ്ടു മിഷ്യനറിമെത്രാന്മാർ (ആർച്ച്ബിഷപ്പ് ബൻസിഗറും തിരുവനന്തപുരം മെത്രാൻ വിൻസെൻറ് ദെരേരയും) തന്നെ സന്ദർശിച്ചപ്പോൾ അദ്ദേഹം പറയുകയുണ്ടായി. "നിങ്ങളെ കാണുമ്പോൾ ഞാൻ അസൂയപ്പെടുന്നു. നിങ്ങൾ അതിശ്രേഷ്ഠമായ പ്രേഷിത പ്രവൃത്തികൾ ചെയ്യുമ്പോൾ ഞാനിതാ ഇവിടെ ഒരു ഒപ്പിടുന്ന യന്ത്രമായി കഴിഞ്ഞുകൂടുകയാണു്."

ദൈവം തിരുമേനിയെ ലോകം മുഴുവനുമുള്ള അജഗണങ്ങളുടെ അജപാലകനായിതന്നെ ഉയർത്തി. 62 ൽ 61 വോട്ടുകളോടുകൂടി മാർപാപ്പായായിത്തിരഞ്ഞെടുക്കപ്പെട്ട കർദ്ദിനാൾ പച്ചേലി, പീയൂസ് പന്ത്രണ്ടാമൻ എന്നപേരോടുകൂടി 1939 ൽ തന്റെ ജനനദിവസമായ മാർച്ചുമാസം 2-ാംതീയതി മാർപാപ്പാസ്ഥാനത്തേയ്ക്കു് അവരോധിക്കപ്പെട്ടു. കഴിഞ്ഞ 17 വർഷക്കാലത്തെ സംഭവബഹുലവും, കൃത്യാന്തരബഹുലവുമായ പ്രവർത്തനകാലം സർവ്വ പ്രധാനമായ ഒന്നാണു്. ലോകമാസകലമുള്ള മാനവസമൂഹത്തിന്റെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കുവേണ്ടി ആകാംക്ഷാഭരിതനായി കർമ്മനിരതനായി കൃത്യാന്തരവ്യഗ്രനായി താൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. തന്റെ അജഗണത്തിന്റെ ആദ്ധ്യാത്മികാഭിവൃദ്ധിയെ ലാക്കാക്കി പ്രസിദ്ധമായ ചാക്രികലേഖനങ്ങളും മററുംകൊണ്ടും വിപ്ലവകരമായ പരിഷ്കാരങ്ങൾകൊണ്ടും വിശ്രമരഹിതമായി പ്രവർത്തിക്കുന്നതോടുകൂടിതന്നെ ദൈവത്തിന്റെ പിതൃത്വവും രാഷ്ട്രങ്ങൾ തമ്മിലുണ്ടാകേണ്ട ഭ്രാതൃത്വവും അന്തർരാഷ്ട്രീയരംഗങ്ങളിൽ അംഗീകരിക്കപ്പെടുന്നതിനും, ആററം ആയുധങ്ങളുടെ ബുദ്ധിപൂർവ്വമായ നിരോധനം വഴിയായും മററും സമാധാനപൂർവ്വമുള്ള സഹവർത്തിത്വം സാധിക്കുന്നതിനും തന്റെ വിദഗ്ദ്ധമായ പ്രേരണാശക്തി ചെലുത്തിക്കൊണ്ടിരിക്കുന്നു.

കഴിഞ്ഞകൊല്ലം മരണകരമായ രോഗങ്ങളിൽ നിന്നു അത്ഭുതകരമാംവിധം തിരുമേനി രക്ഷ പ്രാപിച്ചതു് ഈ വാർദ്ധക്യകാലത്തും തിരുമേനിവഴി പല മഹൽ കാര്യങ്ങൾ നിർവ്വഹിക്കുവാനുള്ള ദൈവ കരങ്ങളുടെ പ്രവൃത്തിയല്ലേ എന്നു വേണം വിചാരിക്കുവാൻ. മോൺസിഞ്ഞോർ ഷീനിന്റെ 'രക്തരഹിതമായ വേദസാക്ഷിത്വം' തിരുമേനിയുടെ ജീവിതത്തിൽ എത്രമാത്രം സാർത്ഥകമായിട്ടുണ്ടു് എന്നു നോക്കുക.

കാററും കോളും നിറഞ്ഞ ഈ ലോകമഹാസമുദ്രത്തിൽ കൂടി ഇനിയും വളരെക്കാലം തിരുസ്സഭാനൗകയെ നയിക്കുവാനും, കാറിരുണ്ടലോകത്തിനു ശാന്തിയുടേയും സമാധാനത്തിന്റേയും സാന്ദ്രമായ സന്ദേശം നല്കുവാനും വേണ്ട അനുഗ്രഹാശിസ്സുകൾ മാർപ്പാപ്പാ തിരുമേനിക്കു സർവ്വശക്തൻ പ്രദാനം ചെയ്യട്ടെ എന്നു നമുക്കു അകമഴിഞ്ഞു പ്രാർത്ഥിക്കാം.

---

## പ്രാർത്ഥിക്കാത്ത പ്രേഷിതൻ നിർഭാഗ്യവാൻ

അയാൾ "മുഴങ്ങുന്ന ചെമ്പും, ചിലമ്പുന്ന കൈത്താളവും" മാത്രമാണു്. അയാൾ അധ്വാനിക്കുന്നു, കഷ്ടപ്പെടുന്നു, ഒരു പക്ഷേ സ്വന്തം ആത്മനാശംപോലും വരുത്തിവയ്ക്കുന്നു; എന്നാൽ മററുള്ളവരുടെ ആത്മരക്ഷയ്ക്കുപകരിക്കുന്നതായി യാതൊന്നും ചെയ്യുന്നില്ല. അയാളുടെ പ്രവർത്തനങ്ങളിൽനിന്നു് രക്ഷാകരമായ എന്തെങ്കിലും ഫലം ഉളവാകുന്നതായി പ്രത്യക്ഷപ്പെടുന്നെങ്കിൽതന്നെയും അതു് അയാൾക്കു് അജ്ഞാതരായ മററു ഭക്താത്മാക്കളുടെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമാണു്. (മറിയമകനീശോ P. 141)

# പോപ്പുരാജനും മേരിറാണിയും

(ഫാദർ ബർണർഡിൻ, ഒ. സി. സി.)

പന്ത്രണ്ടാം പീയൂസ്. വെറും രണ്ടു വാക്കുകൾ. എന്നാൽ എത്രയെത്ര മധുരസ്മരണകളാണ് നമ്മുടെ മനോവേദിയിൽ അവ കൊണ്ടുവരുന്നതു്. മാലാഖാക്കൂട്ടത്തെ ഇടയൻ, ഭൂമിയിലെ കാണപ്പെട്ട ക്രിസ്തു, സമാധാനത്തിന്റെ പാപ്പാ, കമ്മ്യൂണിസത്തിന്റെ കണ്ഠകോടാലി, സാമൂഹ്യനീതിയുടെ സംരക്ഷകൻ,




പട്ടിണിപ്പാവങ്ങളുടെ ആശ്രിതൻ, ആരാധനക്രമങ്ങളുടെ നവീന സംവിധായകൻ, വത്തിക്കാൻ രാജ്യത്തിന്റെ രാജാവു്, ആദ്ധ്യാത്മിക സാമ്രാട്ട്, തികഞ്ഞ രാജ്യതന്ത്രജ്ഞൻ, സർവ്വോപരി ജീവിച്ചിരിക്കുന്ന മഹാവിശുദ്ധൻ. ഇങ്ങനെ പോകുന്നു അവയുടെ നീണ്ട പട്ടിക. എന്നാൽ ഇവയിലെല്ലാം ഉപരിയായി പീയൂസ് ദ്വാദശനു് പര്യായമായിത്തീർന്നിരിക്കുന്നതു് മേരിയൻ പാപ്പാ എന്നതാണ്. മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ അമ്മയായ കന്യകാമറിയവുമായി അത്രമാത്രം ബന്ധപ്പെട്ടിട്ടുള്ള പുണ്യശ്ലോകനാണ് പന്ത്രണ്ടാം പീയൂസ്. ഫാത്തിമായിൽ ആദ്യമായി ദൈവജനനി പ്രത്യക്ഷപ്പെട്ട സുദിനത്തിൽ പൌരോഹിത്യത്തിന്റെ പൂർണ്ണതയിലേയ്ക്കുവരോധിക്കപ്പെട്ട തിരുമേനി മറിയയുഗമെന്നറിയപ്പെടുന്ന ഇരുപതാം നൂററാണ്ടിലെ മരിയഭക്തരിൽ പ്രഥമഗണനീയനാണ്. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്തതു് പന്ത്രണ്ടാം പീയൂസല്ലേ? കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനു ലോകം മുഴുവനെയും പ്രതിഷ്ഠിച്ചതു് പന്ത്രണ്ടാം പീയൂസല്ലേ? കന്യകാമറിയത്തിന്റെ അമലോൽഭവ പ്രഖ്യാപനത്തിന്റെ ഏഴാം ശതാബ്ദപൂർത്തി പ്രമാണിച്ച് തിരുസഭാചരിത്രത്തിലെ ആദ്യത്തെ മരിയവത്സരം ഉൽഘാടനംചെയ്തതു് പന്ത്രണ്ടാം പീയൂസല്ലേ? മരിയവത്സര സമാപനവേളയിൽ കന്യകാമറിയത്തെ സ്വർഗ്ഗറാണിയായി പ്രഖ്യാപിച്ചതും മേരിറാണിയുടെ തിരുനാൾ എല്ലാവത്സരവും മേയ് 31-ാംതീയതി ആഘോഷിക്കണമെന്നു നിശ്ചയിച്ചതും പന്ത്രണ്ടാം പീയൂസല്ലേ? അങ്ങനെ "അദ് ചേലി റെജീനാം" എന്ന വിശ്വലേഖനവും മേരിറാണിയുടെ തിരുനാളും വഴി അവിടുന്ന് അനുസ്യൂതം പഠിപ്പിച്ചിരുന്ന സ്വർഗ്ഗറാണിയുടെ തൂലികാചിത്രത്തിനു് മകുടം ചാർത്തുകയും ചെയ്തു.

മേരിറാണിയുടെ തിരുനാൾ സ്ഥാപിക്കുന്നതിനു് അവിടുത്തെ പ്രേരിപ്പിച്ചതെന്താണെന്ന് മാതാവിന്റെ റാണിത്വം പ്രഖ്യാപിക്കുന്ന തിരുവെഴുത്തിന്റെ ആമുഖത്തിൽ പരിശുദ്ധ പിതാവു പ്രസ്താവിക്കുന്നുണ്ട്. "ഭയങ്കരമായ വിപത്തുകളിൽക്കൂടി നാം കടന്നുപോകുന്നു. പ്രസിദ്ധപ്പെട്ട പട്ടണങ്ങളും, നഗരങ്ങളും ശതക്കണക്കിനു ഗ്രാമങ്ങളും നമ്മുടെ കൺമുമ്പിൽതന്നെ നാശത്തിൽ അമന്നു് ഒരു അഗ്നിപർവ്വതത്തിൽ നിന്നെന്നപോലെ പ്രവഹിച്ച വിനാശകമായ ലാവകൊണ്ടു് ആത്മാക്കൾക്കു വന്നുചേർന്ന നിരവധി നാശങ്ങൾ സന്താപസമേതം നാം സംവീക്ഷി

ച്ചു. പലപ്പോഴും നീതി തകിടം മറിയുകയും തിന്മയുടെ വശ്യശക്തി വിജയംവരിക്കുകയുംചെയ്യും. അങ്ങനെ ഭയങ്കരവും വിപൽക്കരവുമായ ഈ ഘട്ടത്തിൽ വലിയ മനോവേദനയാണു നമുക്കുള്ളതു്. അതിനാൽ നമ്മുടെ മാത്രമല്ല, ക്രിസ്തീയ നാമം വഹിക്കുന്ന സമസ്തപേരുടേയും ഭക്തിവികാരങ്ങൾ നമ്മുടെ രാജ്ഞിയായ മറിയത്തിന്റെ മുമ്പിൽ തുറന്നുവയ്ക്കുവാൻ ശരണത്തോടെ നാം ഓടി എത്തുന്നു."

ഇനി കന്യകാമറിയം എപ്രകാരമാണു് റാണിയെന്നും, അവരുടെ രാജ്യത്തിന്റെ വ്യാപ്തി എത്രമാത്രമെന്നും, മേരിറാണിക്കായി നാം എന്തുചെയ്യണമെന്നും ചുരുക്കത്തിൽ പ്രതിപാദിക്കാം.

"റാണി" എന്ന പദത്തിന്റെ അർത്ഥമെന്താണെന്നു നമുക്കു നോക്കാം. വ്യാപകാർത്ഥത്തിലും (Broad sense) നിഷ്കൃഷ്ടമായ അർത്ഥത്തിലും (Strict sense) റാണി എന്ന വാക്കു് നാം ഉപയോഗിക്കാറുണ്ടു്. മററുള്ളവരെക്കാൾ ഗുണവിശേഷങ്ങളുള്ളവരെ വ്യാപകാർത്ഥത്തിൽ നാം രാജാവെന്നോ രാജ്ഞിയെന്നോ വിളിക്കുന്നു. ഉദാഹരണമായി ചന്ദ്രനെ രാത്രിയുടെ രാജ്ഞിയായി നാം ചിത്രീകരിക്കാറില്ലേ? കള്ളന്മാരിൽ പെരുങ്കള്ളനെ മോഷ്ടാക്കളുടെ രാജാവെന്നു നാം വിളിക്കുന്നു. നിഷ്കൃഷ്ടമായ അർത്ഥത്തിൽ റാണി എന്നു നാം വ്യവഹരിക്കുന്നതു് രാജാവിന്റെ പ്രേയസിയെ ആണു്. രാജ്ഞിയുടെ സ്ഥാനം നന്നായി മനസ്സിലാക്കണമെങ്കിൽ രാജത്വം എന്താണെന്നു നന്നായി ഗ്രഹിച്ചിരിക്കണം. രാജാവാരാണു്? പരിപൂർണ്ണമായ ഒരു രാഷ്ട്രത്തെ ഭരിക്കുന്നതിനും പൊതുനന്മയിലേയ്ക്കാനയിക്കുന്നതിനും അധികാരമുള്ളവനാണു് രാജാവു്. ഇപ്രകാരമെങ്കിൽ നിഷ്കൃഷ്ടമായ അർത്ഥത്തിൽ രാജത്വം പരിപൂർണ്ണാധികാരത്തോടുകൂടിയുള്ള ഭരണത്തെയാണു ദ്യോതിപ്പിക്കുന്നതു്. അപ്പോൾ നിഷ്കൃഷ്ടമായ അർത്ഥത്തിൽ റാണി ആരാണു്? രാജാവിനോടു് ഏററവും അടുത്തവൾ, രാജാവിന്റെ പത്നി. രാജാവിനു് ഏററം പ്രിയങ്കരയായ ഉപദേഷ്ടാവാണു് റാണി. അവളുടെ ജീവിതം അദ്ദേഹവുമായി ഒന്നായിരിക്കുന്നതുപോലെ അവളുടെ ഭരണവും അദ്ദേഹത്തോടുകൂടി ഒന്നായിരിക്കുന്നുവെന്നു പറയുന്നതിൽ അതിശയോക്തി ഇല്ല. രാജാവിന്റെ പ്രേമഭാജനമായ റാണി, അവരുടെ അപേക്ഷയാലും ഉപദേശത്താലും പ്രോൽസാഹനത്താലും രാജാവിന്റെ ഭരണത്തിൽ ഭാഗഭാക്കാകുന്നുണ്ടു്. റാണിക്കു് രാജാവിന്റെ അടുക്കലുള്ള മാദ്ധ്യസ്ഥ്യശക്തി ഭുവനപ്രസിദ്ധവുമാണു്.

മേൽ പ്രസ്താവിച്ച രണ്ടർത്ഥത്തിലും റാണിയാണു് മറിയം. എന്നാൽ മാതാവിന്റെ റാണിത്വം ശരിയായി മനസ്സിലാക്കണമെങ്കിൽ അതിനെ ഒരുയന്ന ആദ്ധ്യാത്മിക മണ്ഡലത്തിൽനിന്നും നാം വീക്ഷിക്കണം. ഭൌമറാണികൾ അവരുടെ ഭർത്താക്കന്മാരുടെ ഭരണത്തിൽ ഭാഗഭാക്കുകളാകുന്നതിനെക്കാൾ ഉപരിയായി സ്വർഗ്ഗറാണി ക്രിസ്തുരാജന്റെ സ്വർഗ്ഗരാജ്യഭരണത്തിൽ ഭാഗഭാക്കാകുന്നുണ്ടു്. അതുകൊണ്ടാണു് മറിയത്തെ ക്രിസ്തുവിന്റെ മണവാട്ടിയെന്നു് അഭിസംബോധനം ചെയ്യുന്നതു്.

എല്ലാ സൃഷ്ടികളെയും വിശുദ്ധിയിൽ അതിലംഘിക്കുന്നു എന്ന കാരണത്താൽ മറിയം വ്യാപകാർത്ഥത്തിൽ റാണിയാണു്. തന്റെ ഏകജാതന്റെ അമ്മയാകുന്നതിനു് പിതാവായ ദൈവം മറിയത്തെ തിരഞ്ഞെടുത്തു. അതിനായി അവളെ ഉൽഭവപാപത്തിൽനിന്നുപോലും വിമുക്തയാക്കി. പരിശുദ്ധ പിതാവു പറയുന്നു! സൃഷ്ടവസ്തുക്കളെല്ലാററിനെയുംകാൾ ഉപരിയായി ദൈവമാതാവു പ്രാപിച്ചിരിക്കുന്ന മഹത്വത്തിന്റെ അതിവമായ ഔന്നത്യം ഗ്രഹിക്കുന്നതിനു പരിശുദ്ധയായ ദൈവമാതാവു ഗർഭാധാനംചെയ്ത നിമിഷത്തിൽ സകല വിശുദ്ധന്മാരെക്കാളും കൂടുതൽ അനുഗ്രഹത്താൽ പൂരിതയായിരുന്നുവെന്നു ചിന്തിക്കുന്നതു ഉത്തമമായിരിക്കും. ഭാഗ്യസ്മരണാർഹനായ ഒമ്പതാം പീയൂസ്സു് മാർപ്പാപ്പാ "ഇൻഎഫാബിലിസ് ദേവൂസു്" എന്ന ശ്ലൈഹിക ലേഖനത്തിൽ എഴുതിയിരിക്കുന്നതും ഇവിടെ ഉദ്ധരിക്കുന്നതു് സന്ദർഭോചിതമാണു്. "സകല മാലാഖമാരേക്കാളും പുണ്യവാന്മാരേക്കാളും ഉപരിയായി മറിയത്തെ ദൈവം തന്റെ ഭണ്ഡാഗാരത്തിൽനിന്നു് എടുത്തിട്ടുള്ള വിശേഷവരങ്ങൾകൊണ്ടു നിറച്ചു. അതിനാൽ സകല പാപക്കറയിൽനിന്നുംവിമുക്തയായി, സുന്ദരിയും പരിപൂർണ്ണയുമായി, മറിയം നിഷ്കളങ്കതയുടെയും പരിശുദ്ധിയുടെയും സമഗ്രതകൊണ്ടു പ്രശോഭിച്ചു....ആകാശത്തിന്റെയും ഭൂമിയുടെയും റാണിയായി കർത്താവു് അവരെ നിയമിക്കുകയും, മാലാഖാമാരുടെയും, പുണ്യവാന്മാരുടെയും സ്വർഗ്ഗീയ വൃന്ദങ്ങൾക്കുമേക്കാൾ കൂടുതലായി അ

വരെ ഉയൎത്തുകയും ചെയ്തിരിക്കുന്നു. ഏതൽക്കാരണത്താലാണ് ഗബ്രിയേൽ ദൈവദൂതൻ അവരുടെ മുമ്പിൽ നമ്രശിരസ്കനായിനിന്ന് "നന്മനിറഞ്ഞവളേ" എന്ന് അഭിവാദ്യംചെയ്തതു്. മറിയത്തിന്റെ റാണിത്വം ആദ്യമായി വിളംബരംചെയ്തതു് ഗബ്രിയേലാണ്.

ക്രിസ്തുരാജനോടുള്ള ഗാഢബന്ധത്താൽ നിഷ്കൃഷ്ടമായ അൎത്ഥത്തിലും മറിയം റാണിയാണ്. മാതാവു് ക്രിസ്തുവിന്റെ അമ്മയാണ്. അവരുടെ പുത്രൻ അഭംഗുരമായി ഭരിക്കുമെന്ന് ഗബ്രിയേൽ ദൈവദൂതൻ മറിയത്തോടു പറയുകയുണ്ടായി. ദൈവവും മനുഷ്യനുമെന്ന നിലയിൽ ക്രിസ്തു രാജാവാണ്. മംഗളവാൎത്താസമയത്തു് പരിപൂൎണ്ണമായ അറിവോടും സമ്മതത്തോടുംകൂടി യാതൊരവതിയുമില്ലാത്ത രാജ്യാധിപനും രക്ഷകനുമായ ക്രിസ്തുവുമായി അഗാധമാകുംവണ്ണം യോജിച്ചു. ക്രിസ്തുവിനെ നമുക്കു നൽകിയ മറിയം മനുഷ്യവൎഗ്ഗത്തിന്റെ രക്ഷ സാധിതപ്രായമാക്കി. അങ്ങനെ വചനം മാംസമാകുന്നതിനു സമ്മതിച്ച മറിയം മാനവവംശത്തിന്റെ റാണിയായിത്തീൎന്നു. ക്രിസ്തുവുമായുള്ള അവരുടെ ബന്ധം ഇതോടെ അവസാനിച്ചില്ല. രക്ഷണീയ കൃത്യത്തിൽ സഹചാരിണിയായി അവരെ അവിടുന്നു തിരഞ്ഞെടുത്തു. സ്വാഭാവികമായി രാജാവായിരുന്ന ക്രിസ്തുനാഥൻ പരിത്രാണ കൃത്യത്താലും രാജാവായിത്തീൎന്നു. അവിടുത്തെ പീഡകളാലും ക്രൂരമരണത്താലും അവിടുന്ന് രാജാവായി. അവിടുത്തെ അമൂല്യരക്തത്താൽ പാപത്തിന്റെ അടിമത്തത്തിൽനിന്നും നരകുലത്തെ വിമോചിപ്പിച്ചു. വീണ്ടും ദൈവപുത്രരായിത്തീരുന്നതിനുള്ള മഹാശക്തി മനുഷ്യൎക്കു സമ്പാദിച്ചുകൊടുത്തു അവിടുന്ന്. ഏകദേശം ഈ അൎത്ഥത്തിലും മറിയം റാണി തന്നെ. ക്രിസ്തുവിന്റെ മാതാവെന്ന നിലയിൽ റാണിയായ മറിയം രക്ഷണീയ കൎമ്മത്തിൽ നിൎവഹിച്ച പങ്കുകൊണ്ടും റാണിയായിത്തീൎന്നു. ഭാഗ്യമോടെ വാഴുന്ന പരിശുദ്ധ പിതാവു പറയുന്നതു് ഇവിടെ സ്മൎത്തവ്യമാണ്. "പുതിയ ആദമായ മിശിഹാ രാജാവാണ്. അതുപോലെതന്നെ മറിയം ദൈവമാതാവാകയാൽ മാത്രമല്ല, പുതിയ ഹവ്വായെപ്പോലെ പുതിയ ആദത്തോടു് യോജിച്ചു പ്രവൎത്തിച്ചതിനാൽ എത്രയും സൗഭാഗ്യവതിയായ കന്യക, റാണിയാണ്."

മേരിറാണിയുടെ രാജ്യത്തിന്റെ വ്യാപ്തി എന്താണ്? പരിശുദ്ധ പിതാവിന്റെ വാക്കുകളിൽ പറയുകയാണെങ്കിൽ അവരുടെ സുതനും ദൈവവുമായ ക്രിസ്തുരാജന്റെ രാജ്യംപോലെതന്നെ വിസ്തൃതമാണ്. എന്തുകൊണ്ടെന്നാൽ യാതൊന്നും അവരുടെ കൎത്തൃത്വത്തിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടില്ല. സമസ്തസൃഷ്ടികളും, മനുഷ്യരും വാനാരൂപികളും, ക്രിസ്തുരാജനു വിധേയരായിരിക്കുന്നതുപോലെ ക്രിസ്തുവിന്റെ കൎത്തൃത്വത്തിനു വിധേയമായി സ്വൎഗ്ഗവും ഭൂമിയും അവൾക്കും വിധേയമായിരിക്കുന്നു. ഭൗമറാണികൂടെ ആണെങ്കിലും അവരുടെ രാജ്യം കൃപാവരങ്ങളുടെ രാജ്യമാണ് പ്രധാനമായി. മറിയംവഴി ക്രിസ്തുനാഥനിൽനിന്നും സകല അനുഗ്രഹങ്ങളും നമുക്കു ലഭിക്കുന്നതുകൊണ്ടു് അവർ സകല വരപ്രസാദങ്ങളുടെ റാണിയാണ്. ഭൂസ്വൎഗ്ഗങ്ങളുടെ പ്രതാപവതിയായ മേരിറാണി അതേസമയം മാനവവംശത്തിന്റെ കാരുണ്യനിധിയായ അമ്മയാണെന്നും പോപ്പുരാജൻ നമ്മെ അനുസ്മരിപ്പിക്കുന്നു. അവൾക്ക് ഒരു മാതൃഹൃദയമുണ്ടു്. മാതൃസഹജമായ വാത്സല്യത്തോടുകൂടി അവരുടെ വത്സലമക്കളായ നമ്മെ അവർ സ്നേഹിക്കുന്നു അവരുടെ പ്രതാപവും ശക്തിയും അപദാനങ്ങളും നമ്മുടെ നന്മയ്ക്കായി അവർ ഉപയോഗിക്കുകയാണ്. കൎമ്മേലാരാമത്തിലെ ചെറുവാടാമലർ പറയുന്നപോലെ മറിയം റാണിയെന്നതിനെക്കാൾ കൂടുതലായി നമുക്കു അമ്മയാണ്. അവർ നമ്മുടെ അമ്മ റാണിയാണ്. പ്രസാദവരത്തിന്റെ പൂൎണ്ണതയാൽ മാലാഖാമാരുടെയും പുണ്യവാന്മാരുടെയും റാണിയും, മനുഷ്യരുടെ രക്ഷണകൃത്യത്തിൽ രക്തസാക്ഷികളുടെ രാജാവിന്റെ സഹചാരിണിയുമായ മറിയം ത്രിലോകനാഥയായി മുടിധരിപ്പിക്കപ്പെട്ടു് അവരുടെ തിരുക്കുമാരൻ ക്രിസ്തുരാജന്റെ വലത്തുഭാഗത്തു് ഉപവിഷ്ടയായി നമ്മുടെമേൽ അനുഗ്രഹങ്ങൾ വൎഷിച്ചുകൊണ്ടിരിക്കുന്നു.

മേരിറാണിയോടുള്ള സ്നേഹബഹുമാനാദരങ്ങൾ ഈ പേപ്പൽ ജൂബിലിവത്സരത്തിൽ പ്രകടിപ്പിക്കാം നമുക്ക്. മേരിറാണിയുടെ അപദാനങ്ങൾ പ്രകീൎത്തിച്ചാൽമാത്രം പോരാ. അവളുടെ തീൎത്ഥസ്ഥലങ്ങൾ സന്ദൎശിച്ചാൽമാത്രം മതിയാവുകയില്ല. എൺപതു വയസ്സു തികഞ്ഞിരിക്കുന്ന പോപ്പുരാജൻ, മേരിയുടെ റാണിത്വം പരസ്യമായി പ്രഖ്യാപിച്ച സുവൎണ്ണാവസര

# പന്ത്രണ്ടാം പീയൂസ്

(ഫാ. ഫിലിപ്പ്, ഒ. സി. ഡി.)

രണ്ടാഴ്ചമുമ്പ് കിട്ടിയതാണ് ആ കത്ത്. പരിശുദ്ധ പിതാവ് പന്ത്രണ്ടാം പീയൂസിനെപ്പററി ഒരു ലേഖനം അയച്ചു കൊടുക്കണമെന്ന്. പന്ത്രണ്ടാം പീയൂസ്! നാലുകൊല്ലം മുമ്പ് അദ്ദേഹത്തോട് ഒരു പ്രത്യേക സന്ദർശനാവസരത്തിൽ പത്തു മിനിട്ട് നേരം അഭിമുഖസംഭാഷണം ചെയ്‌വാനുണ്ടായ ആ അപൂർവ്വവും അസാധാരണവും ആയ ഭാഗ്യത്തെപ്പററി ഞാൻ അനുസ്മരിച്ചു. ആ പാവനചരിതൻെറ ദിവ്യവചസ്സുകൾ ശ്രവിച്ചും മറുപടി നൽകിയും കഴിച്ചുകൂട്ടിയ ആ സുമധുര നിമിഷങ്ങൾ!

പന്ത്രണ്ടാം പീയൂസ്! നാല്പത്തഞ്ചുകോടി ജനങ്ങളുടെ ആശകളും അഭിനിവേശങ്ങളും കേന്ദ്രീകരിക്കുന്ന ഒരു പരിപാവനനാമം. ദുരിതങ്ങളും ദാരിദ്ര്യവും, കഷ്ടതകളും കണ്ണുനീരും നിറഞ്ഞ ഈ ലോകത്തിൻെറ മങ്ങാത്ത മണിദീപമാണ് ആ നാമം. വത്തിക്കാൻ ഗോപുരത്തിൽനിന്ന് ലോകത്തിൻെറ നാനാഭാഗത്തേക്കും ആശയുടെയും ആശ്വാസത്തിൻെറയും വെൺകതിരുകൾ വിതറുന്ന കെടാവിളക്കായി അതു ശോഭിക്കുന്നു. നിത്യനരകമില്ലെന്ന് ജല്പിച്ചുകൊണ്ട് ലോകത്തെത്തന്നെ നരകമായി രൂപാന്തരപ്പെടുത്തുന്നതിനുവേണ്ടി കിണഞ്ഞു കഷ്ടപ്പെടുന്ന കിരാതവർഗ്ഗത്തെ സന്മാർഗ്ഗത്തിൻെറ സദുപദേശങ്ങൾ മുഖേന നേർവഴിക്കു തിരിക്കുവാൻ അതു പരിശ്രമിക്കുന്നു. ദൈവമില്ലെന്നു പ്രഖ്യാപിച്ചുകൊണ്ട് തങ്ങളെത്തന്നെ ദൈവങ്ങളായി പ്രതിഷ്ഠിക്കുന്നതിനു പരിശ്രമിക്കുന്ന ബുദ്ധിഹീനന്മാരെ സത്യത്തിൻെറ സനാതന ദീപ്തികൊണ്ട് സത്പന്ഥാവിലേക്കു നയിക്കുന്നതിന് അതു ഉദ്യമിക്കുന്നു.

പന്ത്രണ്ടാം പീയൂസിൻെറ ഈ മഹത്വം, പാപ്പാത്വത്തിൻെറ ഈ മഹത്വം, എവിടെനിന്ന് ഉൽഭവിച്ചുവെന്ന് ഞാൻ ആലോചിക്കുകയായിരുന്നു. അപ്പോഴാണ്, പാപ്പാദിനവും പന്ത്രണ്ടാം പീയൂസിൻെറ 80-ാം ജന്മദിനവും സംബന്ധിച്ച് പത്രങ്ങളും മാസികകളും പണ്ഡിതോചിതങ്ങളായ പ്രബന്ധങ്ങൾ അടിച്ചിറക്കുവാൻ തുടങ്ങിയതു്. സാധാരണ പത്രമാസികകളിൽ, കോൺഗ്രസ്സിൻെറ കൊള്ളരുതായ്കകളും കമ്മ്യൂണിസത്തിൻെറ കടുംകൈകളുംമാത്രം നോക്കാറുണ്ടായിരുന്ന ഞാൻ, ഈ ലേഖനങ്ങളും മുഖപ്രസംഗങ്ങളുമെല്ലാം മനസ്സിരുത്തി വായിച്ചു.

ഒരാൾ എഴുതുന്നു: പന്ത്രണ്ടാം പീയൂസ് പ്രഥമമായി റോമാക്കാരനാണ്. അദ്ദേഹത്തിൻെറ കിരീടധാരണത്തിനുള്ള ക്ഷണക്കത്തിൽ 'പച്ചേള്ളി റോമൻ എന്ന് അദ്ദേഹം ഒപ്പിട്ടിരുന്നു പോലും! വേറൊരാളെ പുളകംകൊള്ളിച്ചതു് മൂനിക്കിൽ ന്യൂൺസിയോ ആയിരുന്ന കാലത്തു് കൈത്തോക്കുകൾ നിറച്ചു പിടിച്ചുകൊണ്ട് അദ്ദേഹത്തെ വളഞ്ഞ കമ്മ്യൂണിസ്ററു കവർച്ചക്കാരെ അദ്ദേഹം അമ്പരിപ്പിച്ച സംഭവമാണ്.

ഇനിയും ഒരു പത്രത്തിൽ കാണുന്നു: "രാജ്യതന്ത്രജ്ഞൻ, നയചതുരൻ, പണ്ഡിതൻ, വാനശാസ്ത്രജ്ഞൻ, പത്രപ്രവത്തകൻ, അദ്ധ്യാപകൻ, വിവിധ ഭാഷാവിശാരദൻ, വാഗ്മി എന്നീ നിലകളിൽ അദ്ദേഹം അതുല്യനാണ്" എന്ന്. "ലീയോ പതിമ്മൂന്നാമൻെറ വിശാലവിക്ഷണം, പീയൂസ് ദശമൻെറ ഭക്തിതീക്ഷ്ണത, ബനഡിക്ട് പതിനഞ്ചാമൻെറ നയചാതുര്യം, പീയൂസ് പതിനൊന്നാമൻെറ ധീരത

---

ത്തിൽ നമ്മോടാവശ്യപ്പെട്ടതുപോലെ മേരിറാണിയിൽ വിളങ്ങിയിരുന്ന സ്വർഗ്ഗീയ പുണ്യങ്ങൾ നമ്മുടെ അനുദിന ജീവിതത്തിൽ നാം പകത്തണം. തിരുമേനി പറയുന്നു. "എത്രയും വാത്സല്യമുള്ള നമ്മുടെ മാതാവായ സ്വർഗ്ഗറാണിയുടെ ഉൽകൃഷ്ടസുകൃതങ്ങളെ എല്ലാവരും അവരവരുടെ സാഹചര്യമനുസരിച്ച് ഉണർവോടുകൂടെയും വളരെ സൂക്ഷ്മമായും അവരുടെ ജീവിതത്തിലും നടപടിയിലും പകത്തിക്കാണുവാൻ പ്രയത്നിക്കണം." നമ്മുടെ അമ്മറാണിയായ മറിയത്തിനു നമുക്കു നൽകാവുന്നതും പോപ്പുരാജനു് ഏററം പ്രസാദകരവുമായ സ്നേഹോപഹാരം അവരുടെ നിമ്മലജീവിതം അനുകരിക്കുകയൊന്നു മാത്രമാണ്. മേരിറാണി വാഴട്ടെ! പോപ്പുരാജൻ വിജയിക്കട്ടെ!



ഇവയെല്ലാം ഒത്തിണങ്ങിയ ഒരു മഹാപുരുഷനാണ് പന്ത്രണ്ടാം പീയൂസ്" എന്ന് വേറൊരു ലേഖകൻ ഘോഷിക്കുന്നു.

കഴിഞ്ഞ ലോകമഹായുദ്ധകാലത്ത് ഹിററ്ലറിൻെറ സേനയെ തടഞ്ഞുനിറുത്തി നിത്യനഗരത്തെ രക്ഷിക്കുന്നതിൽ അദ്ദേഹം പ്രദർശിപ്പിച്ച ധീരതയും നയതന്ത്രജ്ഞതയും ഇനിയും ഒരുവനെ ആകർഷിക്കുന്നു. യുദ്ധാനന്തരം, അവശരേയും അനാഥരേയും സംരക്ഷിക്കുന്നതിന് അദ്ദേഹംചെയ്ത പരിശ്രമങ്ങൾ മററൊരു തൂലികാചിത്രകാരനെ കോൾമയിർക്കൊള്ളിക്കുന്നു.

ചിലർ കുറച്ചുകൂടെ അഭൌമികമായി ചിന്തിക്കുന്നവരാണ്. പന്ത്രണ്ടാം പീയൂസ് ഒരു പരിശുദ്ധനാണ്. ക്രിസ്തുനാഥൻ അദ്ദേഹത്തിന് കാണപ്പെട്ട് അത്ഭുതകരമായ വിധം അപകടകരമായ സുഖ

ക്കേടിൽനിന്നു് അദ്ദേഹത്തെ വിമോചിച്ചു എന്ന സംഗതിയാണു് അവർ എടുത്തു പറയുന്നതു്.

ഒരാൾ കുറച്ചു നാണിച്ചു്, പരുങ്ങി പിഴയിടിച്ചുകൊണ്ടെന്നപോലെ പറയുകയാണു്: "മാപ്പാപ്പായുടെ പ്രവൃത്തിമണ്ഡലം ആദ്ധ്യാത്മികം തന്നെ........ എങ്കിലും." പന്ത്രണ്ടാം പീയൂസിനുള്ള ഏകകുറവു് പ്രസ്തുത പ്രബന്ധകാരന്റെ ദൃഷ്ടിയിൽ, അദ്ദേഹത്തിന്റെ ആദ്ധ്യാത്മികത്വമാണു് എന്നു് തോന്നിപ്പോകും. 'എങ്കിലും' ആ കുറവു് അദ്ദേഹം പരിഹരിക്കുന്നു, ഭൗതിക കാര്യങ്ങളിൽ അദ്ദേഹത്തിനുള്ള പ്രാവീണ്യം മുഖേന.

കടുത്ത നിരാശയോടെ ഈ പത്രമാസികകളെല്ലാം ഞാൻ മടക്കിവെച്ചു. പന്ത്രണ്ടാം പീയൂസ്! അദ്ദേത്തിനു് എന്താണു് ഇത്ര വൈശിഷ്ട്യം എന്നു് ഞാൻ ചിന്തിക്കുവാൻ തുടങ്ങി.

80 കൊല്ലങ്ങൾക്കു മുമ്പു് റോമായിലെ പച്ചേള്ളി കുടുംബത്തിൽ ജനിച്ച ഒരു സാധാരണ ശിശുവായിരുന്നു അദ്ദേഹം. മററു മനുഷ്യരെപ്പോലെ അദ്ദേഹത്തിനും വിശപ്പും ദാഹവും ഉണ്ടു്; രോഗവും ക്ഷീണവും ഉണ്ടു്; ആശകളും ആശങ്കകളും ഉണ്ടു്; വ്യാകുലങ്ങളും വികാരങ്ങളും ഉണ്ടു്.

അമേരിക്കയിലെ ഐക്കിനെപ്പോലെ അദ്ദേഹത്തിനു് ആററംബോംബുകളോ അണുശക്തി കേന്ദ്രങ്ങളൊ ഇല്ല. റഷ്യയിലെ ബുൾഗാനിനെപ്പോലെ സൈന്യവ്യൂഹങ്ങളോ സമരസന്നാഹങ്ങളോ അദ്ദേഹത്തിനില്ല. ഇംഗ്ലണ്ടിലെ ഈഡനെപ്പോലെ അന്യരാജ്യങ്ങളെ അടക്കി ഭരിക്കുന്നതിനുള്ള ആവേശവും അദ്ദേഹത്തിൽ ദൃശ്യമല്ല.

എന്നാൽ കത്തോലിക്കാ സഭയുടെ തലവനായ, മീൻപിടുത്തക്കാരൻ പത്രോസിന്റെ 261-ാം പിൻഗാമിയായ പന്ത്രണ്ടാം പീയൂസ് ഇന്നു് ലോകത്തിൽ ജീവിക്കുന്ന മനുഷ്യവ്യക്തികളിൽ ഒന്നാമത്തെ ആൾ ആണു്. അമേരിക്കൻ പ്രസിഡൻറും റഷ്യൻ പ്രധാനമന്ത്രിയും ഒരുപോലെ അദ്ദേഹത്തിന്റെ സ്വരത്തെ ഭയപ്പെടുന്നു. നമ്മുടെ ഭാരതം ഉൾപ്പെടെ നാല്പതിൽപ്പരം രാജ്യങ്ങൾ അവരുടെ പ്രതിനിധികളെ വത്തിക്കാനിൽ താമസിപ്പിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ അധരങ്ങളിൽനിന്നു പൊഴിയുന്ന ഓരോ വാക്കിനും അനന്യസാധാരണമായ ഒരു വില ഇന്നുണ്ടു്. നാനാവിധ ദുരന്തങ്ങൾക്കു് വിധേയമായി നാശത്തിന്റെ കൊടുങ്കാററിൽ ഉലയുന്ന ലോകത്തിനു് വത്തിക്കാനിലെ വയോവൃദ്ധന്റെ നേതൃത്വം മാത്രമേ ആശയ്ക്കു വക നൽകുന്നുള്ളുവെന്നു് ഇന്നു് പരക്കെ സമ്മതിക്കപ്പെടുന്നു.

എന്താണു് പന്ത്രണ്ടാം പീയൂസിനു് ഈ അനിഷേധ്യനേതൃത്വവും അസാധാരണ മാഹാത്മ്യവും പ്രദാനം ചെയ്യുന്നതു്? അവ പച്ചേള്ളി കുടുംബത്തിൽനിന്നോ, റോമൻ നാഗരീകതയിൽനിന്നോ, അനിതര സാധാരണമായ വ്യക്തിവിലാസത്തിൽനിന്നോ, അത്ഭുതകരമായ പാണ്ഡിത്യത്തിൽനിന്നോ അല്ല അദ്ദേഹത്തിനു് സിദ്ധിക്കുന്നതു്. അദ്ദേഹത്തിന്റെ അതുല്യമായ ജീവിത വിശുദ്ധിയോ, ഹൃദയഹാരിയായ വാഗ്മിലാസമോ അല്ല ഈ സ്ഥാനം അദ്ദേഹത്തിനു് നൽകിയിട്ടുള്ളതു്.

ഒരു സംഗതി മാത്രമാണു് പന്ത്രണ്ടാം പീയൂസിനെ ലോകത്തിൽ ഇന്നു് ജീവിക്കുന്ന സകല വ്യക്തികളിൽനിന്നും ഉയർത്തി നിറുത്തിയിരിക്കുന്നതു്. ഒരു സംഗതി മാത്രമാണു് അദ്ദേഹത്തിന്റെ സ്വരം ലോകത്തിനു് മുഴുവൻ ശ്രദ്ധേയമാക്കിത്തീർത്തിരിക്കുന്നതു്. ഒരേ ഒരു സംഗതി മാത്രമാണു് അദ്ദേഹത്തിന്റെ നേതൃത്വത്തെ വകവെച്ചു കൊടുക്കുന്നതിനു് ശത്രുക്കളേയും മിത്രങ്ങളേയും പ്രേരിപ്പിക്കുന്നതു്. അദ്ദേഹം ക്രിസ്തുവിന്റെ പ്രതിപുരുഷനാണു് എന്ന സത്യം.

അദ്ദേഹം വിശാലവീക്ഷണമുള്ളവനാണു്, പുരോഗാമിയാണു്, ഭക്തശിരോമണിയാണു്, ധീരനാണു്, ധീമാനാണു്, പണ്ഡിതനാണു്, പരിശുദ്ധനാണു്. ഇതെല്ലാം വാസ്തവം. മഹാന്മാരിൽ മഹാനായ ഈ പുണ്യപുരുഷനെ നമുക്കു് നേതാവായി ലഭിച്ചതിൽ, നാം ദൈവത്തിനു് തലകുനിഞ്ഞു്, ഹൃദയംതുറന്നു് സ്തുതിപറയണം. എങ്കിലും പന്ത്രണ്ടാം പീയൂസിനെ അദ്ദേഹത്തിന്റെ യഥാർത്ഥസ്ഥാനത്തിൽ ഈ ഗുണങ്ങളൊന്നും നമുക്കു് കാണിച്ചു തരുന്നില്ല. അവയെല്ലാം വി. കുർബാന എഴുന്നെള്ളിച്ചു് സ്ഥാപിക്കുന്നതിനുള്ള അരുളിക്കായുടെ വിവരണമെ നമുക്കു നൽകുന്നുള്ളു. അരുളിക്കായുടെ കലാവാസനയും, അതിൽ പതിച്ചിരിക്കുന്ന രത്നക്കല്ലുകളുടെ ശോഭയും കണ്ടു് മതിമറന്നു്, തിരു ഓസ്തിയിൽ സന്നിധിചെയ്യുന്ന ക്രിസ്തുനാഥനെ നാം മറന്നുപോകരുതു്.

പന്ത്രണ്ടാം പീയൂസ്! അദ്ദേഹം ഇരുപതാം നൂററാണ്ടിൽ ജീവിക്കുന്ന, ലോകത്തിൽ നമ്മോടൊ

# POPE PIUS XII

## An Appreciation

(Fr. Archangel, O. C .D.)

Our Holy Father, Pius XII, who is now three score and twenty years old, is one of the most remarkable and able of Popes. He is a courageous Crusader, a brilliant Statesman, a



holy Pastor and a living martyr. The unique and grand celebrations on the double anniversary of his birth and coronation, all over the world by more than four hundred million catholics, is still fresh in our memory. This 261st successor of St. Peter is really the "Pastor Angelicus" as announced by the so called prophecy of Malachy.

### Some Pseudo-Prophecies

More than a century and half ago, to be exact, in 1799, a child of the French Revolution, Citoyen Deydier by name, notified his Government in Paris, "The Ci-devant Pope has expired, it will be the last and the end of superstition. "That superstitious message was sent at the death of another Pius, the sixth, and we are now celebrating the 17th anniversary of the election of the twelfth Pius and the 262nd Pope

From Luther, at least, down to the Communists of our own day so many had the temerity to foretell the end of the papacy. But only the prediction of the English protestant historian Macaulay had any chance of coming approximately to the reality. Lord Macaulay wrote: "There is no other institution left standing which carries the mind back to the times when the smoke of sacrifice rose from the Pantheon, and when camelopards and tigers bounded in the Flavian amphitheatre......The Papacy remains, not in decay not a mere antique but full of life and youthful vigour......She saw the commencement of all the governments and of all the ecclesiastical establishments that now exist in the world, and we feel no assurance that she is not destined to see the end of them all. "(Essay on L. Von Ranhet's History of the popes.)

---

നിച്ചു് വസിക്കുന്ന ക്രിസ്തുവാണു്. അദ്ദേഹത്തിന്റെ സ്വരത്തിൽ നാം ശ്രവിക്കുന്നതു് ആയിരത്തിത്തൊള്ളായിരം കൊല്ലങ്ങൾക്കുമുമ്പു് പലസ്തീനായിൽ ജീവിച്ചിരുന്ന, യഹൂദരും സമരിയാക്കാരും ശ്രവിച്ച അതേ സ്വരം തന്നെയാണു്. ദിവ്യഗുരു അന്നു പഠിപ്പിച്ച അതേ സത്യങ്ങൾ തന്നെയാണു് വത്തിക്കാൻ റേഡിയോവഴി പന്ത്രണ്ടാംപീയൂസ് ഇന്നു് പ്രഖ്യാപനംചെയ്യുന്നതു്. അന്നു് മുടന്തന്മാരെ സുഖപ്പെടുത്തുകയും കുരുടന്മാൎക്കു കാഴ്ച കൊടുക്കുകയും മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്ത അതേ ദിവ്യശക്തിയാണു് പന്ത്രണ്ടാം പീയൂസിന്റെ കരങ്ങൾവഴി ഇന്നു് പ്രവർത്തിക്കുന്നതു്.

ഇതാണു്, മാർപ്പാപ്പാ, മിശിഹായുടെ വികാരിയാണു് എന്നു് ചെറിയ വേദോപദേശത്തിൽ നാം ഒരിക്കൽ പഠിച്ച ആ ദിവ്യസത്യത്തിന്റെ യഥാർത്ഥത്തിലുള്ള അർത്ഥം. ഇതാണു് പന്ത്രണ്ടാം പീയൂസിന്റെ മഹത്വത്തിനു് നിദാനം.

## Chequered Career

Prior to his election as Pope on 2nd of March 1939, on the 63rd anniversary of his birth, after the shortest conclave on record, Pius XII had had a very remarkable and chequered career, which prepared him to be one of the most brilliant and able of Popes. Though of weak health from his infancy, Eugenio Pacelli, "Roman of all Romans", at the age of 20, became the Professor of Canon Law at the Pontifical Institute of Canon Law. He was then not yet ordained priest, but was already a triple Doctor–of Philosophy, of Divinity, and of Canon Law.

Immediately after his ordination to the Priesthood, at the request of Cardinal Gaspari, Fr. Eugene Pacelli entered the Vatican, and worked under the Cardinal for the codification of Canon Law. At the commencement of World War I in 1914, he was a Monsignor, and at the head of the Extraordinary Affairs in the office of the Secretary of State. As such he was to bring to life most of the initiatives of the paternal heart of the then Pope, Benedict XV, for the exchange of unfit prisoners of war, the liberation of civil prisoners, the hospitalisation of the wounded and the sick, the repatriation of tuberculous prisoners, the return home of hostages, correspondence with the invaded countries and for those without a country, the revictualling of occupied countries, the protection of children, the sending of drugs and clothes, religious help to soldiers and specially to the prisoners.

## Statesman

By 1917, when the world was in the giant grip of war and suffering, Mgr. Eugene Pacelli was ripe to be an ambassador of the Pope among the belligerents. He was then well versed in church affairs at the age of 42. Pope Benedict XV consecrated him Archbishop on May 14, 1917 and sent him as papal Nuncio to Munich (Bavaria) at a very critical time in the history of the country, There the new Nuncio showed his calibre and statesmanship. Not only did the Nuncio successfully conclude a concordat with Bavaria, but also did his best to alleviate the sufferings of a people burdened and discontented with a devastating war.

On April 29,1919 at 3. p m commander Seiler of the Red army, and a group of armed comrades with drawn pistols and guns and with hand-grenades, waited for the Nuncio at the door of his Library, The unperturbed Archbishop Pacelli soon made his appearance, grasping the pectoral cross and facing the guns. As Attilla before Pope Leo, Seiler recoiled and dropped his pistol which touched the pectoral cross of the Archbishop as it fell to the ground. None in the party dared to raise a finger against that tall lean and ascetic figure of the Archbishop. Dumbfounded they went back to their headquarters to report that they were simply unable to shoot the man,

From Munich Archbishop Pacelli was sent as Nuncio to Berlin in 1925. There, after four years of hard diplomacy, the Nuncio concluded a treaty with the proud Prussia. He was then universally hailed as a great churchman and diplomat, and after twelve years of Nunciature, was called back to Rome and created Cardinal. His new office was to assist the old Secretary of State, Cardinal Gaspari, who was on the look-out for an able successor that he might retire. This Cardinal Gaspari did in the following year, with profound satisfaction at finding the fittest man at the head of the foreign office of the Pope.

As Papal Secretary of State for nine years, Cardinal Pacelli created history. In 1930 itself, a treaty with Italy was effected putting a stop to century old disputes. Cardinal Pacelli was the right-hand man of Pope Pius XI, who had created him Cardinal, in concluding a series of concordats with new States and old ones. The Cardinal was the chief delegate of the Pope in all important events throughout the world, such as the Eucharistic Congress in Argentina in 1934, the Centenary celebrations at Lourdes, the Eucharistic Congress at Budapest, the

opening of the Basilica of Lisieux etc. All these and many other labours brought him into intimate contact with different nations and peoples. and now this stands him in good stead as Pope. Cardinal Pacelli was a man of letters and well-versed in at least nine languages, and spoke freely in all of them. It is no wonder then that, when such a man is placed on the throne of Peter, his brilliance is perceived by all the world.

### The Pope

When, as it is reported, with a majority of 61 votes out of 62, Cardinal Pacelli was elected Pope after such a uniquely brief conclave, he was the 261st successor of St Peter, and the 105th Roman to be Pope. In passing it may be interesting to remark that there had been 105 Italians (outside Rome), 13 French, 11 Greeks, 7 Germans, 5 Asiatics, 3 Africans. 3 Spaniards, 2 Dalmatians; one each from Palestine, Thrace, Crete, Epirus, Galatia, Holland, Portugal, and England, in the Chair of St Peter. Among this vast and varied array of Popes, there are many martyrs, saints and great churchmen and statesmen. The present Pope bids fair to excel many in all these respects. He is a dry martyr, a saint and a great diplomat.

### A Dry Martyr

I have borrowed this title from Bishop Fulton J. Sheen. I shall leave it to him to explain his meaning. The Bihop writes: "Perhaps no Pope in history has seen so many martyred for the faith as has Pius XII. The first 32 Popes, including St. Peter, were martyred for the faith. They were the wet martyrs. The present Holy Father has seen millions tortured, persecuted exiled, and martyred under the beatings of the hammer and the cuttings of the sickle of Communism; he has agonised under the double cross of Nazism and borne in his body the marks of the sticks of Fascism; he has seen the slow attrition of the world, as the shores of the western civilization gave way to the floods of Communist aggression—all this and other sorrows, he felt as his own. As a father sees the dark future for a child afflicted with polio, so, from the beginning, he had before him the horrible image of the 2nd World War......" To the multitude of moral sufferings were added many physical ailments.

### The Holy Father

This title so pleasing to the catholics, "Holy Father" doubly suits the present Pope. He is holy not only on account of his august office as Vicar of Christ, but also by his personal holiness. Though a very popular Pope who has so completely captured public popularity, he lives a very reserved life. He is a veritable recluse in the Vatican Palace. He has no friends whom he sees off duty, no intimates or relations around him. His meals are simple and are always taken alone, served by his faithful, greying, jovial, Italian Giovanni Stephanori. The Pope, even when not sick, eats lightly, breakfasts only on coffee and rolls, and his dinner is very ordinary. Pius XII does not smoke. During his meals his pets, the birds, and especially the canaries, keep him company. Thus the Pope, perhaps the highest placed human on earth, leads the simplest of lives in the most sumptuous of settings.

While being conscious of his God-given high office and authority, the present Pope is a really humble man. During an audience when Bishop Sheen protested his loyalty to the Vicar of Christ, the Pope, after acknowledging the God-given high office, added, "As a man I am nothing.............nothing" The Pope is unassuming, gentle and kind, never hasty never impatient The Pope's genial behaviour, unaffected goodness and cordial smile had been praised and applauded by visitors of all nationalities and creeds. He is a combination of dignity, scholarship and harmony, equalled by few, surpassed by none.

The Holy Father is a silent sufferer. Besides the many moral sufferings, due to

the sorrows and afflictions of all peoples and especially of his spiritual children, the present Pope had many physical ailments all through his life; all of which he bore with such heroic patience. It is reliably related that from his last illness which had brought him close to the grave, he was miraculously cured after a vision of our Lord, which vision was perhaps not the only one during his life.

### A Praying Man

Pope Pacelli is eminently a praying man. Already his predecessor who had made him Cardinal had declared it. In 1929 Pope Pius XI, in his letter appointing Cardinal Pacelli as Secretary of State wrote: "We have been inclined to appoint you, firstly because we have confidence in your spirit of piety and prayer, on account of which you will receive great divine help". Here is the first quality for the first diplomat of the Church.

The thin and flexible neck of Pacelli could bend in front of the invisible and he could easily close the eyes of his body to the sensible world, and open those of his soul to the intuition of an ultrasensitive world. Morning and evening, and especially during H. Mass, he would pray for his people. It is a spectacular sight to see him extend the arms in the form of a cross to bless the people.

His mind and heart were above human emotions, he was a politician who worked at things human in the perspective of the Divinity. His heart was always with God. That explains his attitude of profound piety, his prophetic vision of material things, and his extraordinary wisdom.

### The Samaritan of the Century


As early as during the first world war, Pacelli as Chief of Extra-ordinary Affairs in the Office of the Secretary of State, has shown the good Samaritan in him by helping the afflicted in sundry ways, as we have seen above. As Nuncio at Munich he would visit the cruel concentration camps, and tears would be flowing both from his own eyes and from those of the wounded and sick of heart and body. He would console them as only an angel could do.

The experience gained in the first war served the Pope well to organise help for the victims of the second. The Vicar of Christ belonged to no nationality, he was on the side of the sufferer, and he went to the assistance of those in distress, he was the good Samaritan.

The Pope saw the war coming and he left no stone unturned to prevent it. When at last it came in spite of all his efforts, he did not sit back, but transformed the Vatican, the fortress of faith, into the General Headquarters of Active Charity. The Palace of the Popes became the post-office of the whole world. The distressed from both the belligerent parties flocked to the Vatican to receive help. The Holy See was transformed into an information bureau at the service of all, collecting and transmitting information about missing soldiers, displaced persons, shipwrecked sailors etc. What an amount of work had been done can be inferred from the fact that daily as much as 1800 applications for information were being received Money and waggon loads of food and clothing were also sent from the Vatican to all those in need.

The Pope opened to the persecuted the doors of churches and convents. The Jews, hunted like dogs by Nazis and Fascists, were so heroically protected by the gesture of the Pope. Having heard that the Germans were asking from the Roman Synagogue an exaggerated amount of gold, threatening reprisals and deportation, the Pope ordered all the gold of St. Peter's to be remitted into the hands of the Chief Rabbi.

When by change of events the very persecutors became the persecuted, even then Pius XII gave orders that they also be received, hospitalised, hidden and protected. The charity of the Pope has gone out to all the nations of the world. Wherever there was famine or distress in any part of the world, Pius XII gave away everything he could. Even our motherland has experienced the munificence of the Pope during several famines and floods.



The Holy Father comforts his people after the bombardment of Rome.

After God, Rome has to thank the Pope for its deliverance from utter destruction from both belligerents. And when bombs fell in some parts of the city, the Bishop of Rome was in the midst of the ruins to help, to bless, to console and to cheer.

### A Crusader

In this critical and chaotic age when the forces of evil are battling against the Rock of St. Peter with unprecedented fury, this successor of the Prince of the Apostles has rekindled the spirit of Christianity and has harnessed all the forces for good on his side. No man in history has faced so courageously the blandishments of gross materialism with a more lucid vision or a more courageous opposition or wiser decisions. He has defied the cunning of the godless dictatorship of materialistic Russia, resisted the overpowering might of the Nazi Germany, and successfully overpowered the Facist bravado in Italy. This Valiant Crusador of 80 is still busy with his pen; this warrior is still fighting with his armour on; this infallible leader is still steering the barque of St. Peter, directing and enlightening the faithful on every harassing problem confronting mankind.

Pope Pius on the pedestal of Peter is the beacon light that illumines this dark and dwindling civilisation, torn assunder by doubt greed and hatred. He is the crusader for fairness, integrity, justice and charity for all. He has given to the world with unabated zeal a compelling expression of truths that are unchanging in a changing world.

### A Friend of India

Pope Pius XII has a tender heart for India and the Indian catholics. His relations with the Nehru government is most cordial. Nehru considers the Pope with no "Divisions" and with only 108 acres of land as his own, as the greatest moral force in the world. Pope Pius has created the first Cardinal for India, and many Archbishoprics and Bishoprics. To India he has sent a special encyclical on Catholic Action. For the St. Thomas and St. Xavier Centenary, and for the National Marian Congress, the Pope sent his delegates, and spoke on the Radio on these two auspicious occasions.

### A Brilliant Diplomat

Having worked in the Vatican foreign office from his early years, and as papal Nuncio for twelve years, and as Secretary of State for nine years the Pacelli Pope has become a very good diplomat. As such he keeps the best possible relations with all the countries outside the Communist camp. 38 nations have actual diplomatic relations with the Vatican, the smallest State in the world. This watchman from the Vatican hills is the best listened to in the whole world. Even the Communists are forced to respect him.

### A Hard Worker

The most extraordinary thing about this slender, so often ailing Pope is the incredible amount of work he has turned out during his Pontificate. Voluminous writings, weighty encyclicals, lucid allocutions, and authoritative pronouncements that are epoch making. A noted orator, his speeches hold the key to the solutions of the problems that vex humanity. The Pope's day starts very early in the morning and is continued till one or two o'clock after midnight. It is said that the Pope's only hobby is work.

### Conclusion

The present holy Father has earned many more well deserved titles. He is the "Marian Pope". The Jubilee year of Mary, the Difinition of the Dogma of Assumption and institution of the feast of Mary Queen, mark the climax of his devotion to the Mother of God. He is the "Angel of Peace". No man in this hot and cold war-trodden age of ours has worked so much for peace as the Pope from the Pacelli family, with the dove of peace on its coat of arms. The Pacelli Pope does not believe in just any sort of peace, not at all in a revengeful or unfair peace, in a peace by blackmail as at Versailles, but he believes in a peace that is the outcome of justice and charity. That is why he has chosen as his motto "Opus Justitiae Pax". He is "A Modern Pope". Doubtful questions which had been vexing the theologians for many years, such as the question of the essence of the Priestly ordination etc, have been settled by him. He has allowed the liturgy in the mother tongue, has simplified the Rubrics of the breviary and liturgy, and relaxed the Communion fast to enable many more to receive the Holy Eucharist. The evening Mass and reformed Holy Week celebrations are timely and beneficial innovations.

Pius XII is above all "Pastor Angelicus". The good Shepherd watches over us and is throbbing with love for us, and he works for us. Lazy and indifferent flock that we are, we graze at his feet head down, and from one bit of grass to another we peacefully go further away. We abandon him, to taste a mint or a branch of myrtle.

Let us, at least from now on, pray for our good Shepherd, that God may bless and enlighten him and spare him to us for many more years to come. Like good sheep let us hear his voice and follow him and cooperate with him to create a new and better world.

# പിതൃസന്നിധിയിൽ

(എസ്. പി. കാച്ചപ്പിള്ളി, ആലുവാ)

(ഗാഥ)



അജ്ഞാനക്കൂരിരുൾപൂണ്ടുമഹീതലം,
പ്രജ്ഞയില്ലാതെയുഴന്ന നേരം;
സ്വർഗ്ഗകിരണങ്ങളേകി; സനാതന-
മാർഗ്ഗമീഭാരതഭൂവിന്നേകി,
ശോഭിച്ചുദിച്ചൊരുദിവ്യാർക്കൻ; സ്നേഹമാ-
മാഭപരത്തിയീക്കേരളത്തിൽ,
സത്യൈകമീശ്വരബോധനം കൊണ്ടൊരു
സ്തുത്യനാം രാജർഷിവന്നുചേർന്നു.
പ്രേഷിതവര്യനാം മാർത്തോമ്മാ മാമുനി,
ദോഷമോചിതനാചാര്യശ്രേഷ്ഠൻ,
ശോചനീയരംഗം കണ്ടു; മലയാള-
നീചമനസ്കർ തന്നന്തരംഗം;
വിഗ്രഹപൂജയും, സ്നേഹവിഹീനമാം
ദുർഗ്രഹനിന്ദിത ചേഷ്ടിതങ്ങൾ;
പാരം ദുഷിച്ചതാം മൂഢാചാരങ്ങൾതൻ
ധാരാളമായ പ്രവർത്തനങ്ങൾ,
കാമ്യമല്ലാതുള്ള ജീവിതചര്യകൾ,
സാമ്യവിഹീന വിദ്വേഷാഗ്നിയും;
വർദ്ധിച്ചുപൊങ്ങിയൊരന്ധത്വം നീക്കുവാൻ,
വർദ്ധിച്ചിതാശതന്മാനസത്തിൽ.

ചുററിത്തിരിഞ്ഞുതാൻ, കാൽനടയായ് സദാ
തെററില്ലാ വേദപാഠമേകാൻ,
കാൽവരിക്കുന്നിലെ ക്രൂശിതനാഥൻ തൻ
സൽവരം സ്വീകരിച്ചോമൽ ശിഷ്യൻ,
മർത്ത്യന്നസാദ്ധ്യമാമത്ഭുതശ്രേണിയാൽ
സത്യമതത്തെപ്പുലർത്തിവന്നു;
പാരം സുദൃഢമാമീശവിശ്വാസത്തിൽ
ധീരമാം ചൈതന്യം കൈവളർത്തി,
വാർദ്ധക്യകാലം ജരാനരയെന്നിവ
സാധ്വിയാം താതനഗണ്യമാക്കി,
സന്യാസഭിക്ഷുവായോരോ പടിക്കലും,
സന്ന്യായംചെന്നു, വേദോക്തിയോതി
സായൂജ്യമാർഗ്ഗത്തെ,സുസ്ഥിരം മർത്ത്യന്റെ
സ്ഥായിയാമാത്മാവിലേകി താപസൻ.

പത്തൊൻപതുനൂററാണ്ടപ്പുറംചേർത്തതാം
സത്തേറുമാത്മാവിൻ ദിവ്യശാന്തി,
നിത്യം സ്മരിക്കുക, പൂർവ്വീകർ, നമ്മുടെ
നിത്യവിശ്വാസപ്രതിപാദിതന്മാർ,
കേവലമിൻഡ്യയിലേകശതമാനം,
മേവും കത്തോലിക്കാവിശ്വാസികൾ,
നിത്യം ശ്രമിക്കണം; ശാന്തിസംദായകൻ
സ്തുത്യനാം ക്രിസ്തുവിൻ രാജ്യമെത്താൻ.

മാതൃകയേകുക! ഭാരതവത്സരെ!
പൈതൃകസ്നേഹത്താലുജ്ജ്വലരായ്,
മോക്ഷം കരസ്ഥമായ്; നിത്യപിതാവിൻ,സ-
മക്ഷത്തിലെത്തി, സൌഭാഗ്യപൂർവ്വം,
വിശ്രമമേകുവാനാശിസ്സേകീടുവാൻ,
സാശ്രയം തേടുക; തോമാപാദം.
സ്നേഹിക്ക; സേവിക്ക; നിത്യം സ്നേഹിക്കുവാൻ
ദാഹിക്കുമീശോയെയാശ്ലേഷിക്ക;
മുക്തിദസൂക്തികൾ ധാവനംചെയ്യുക,
ഭക്തിപുരസ്സരം, ജീവിതത്തിൽ.
സാദരം, ശാന്തിനൽകീടുവാനർത്ഥിക്ക;
മോദമോടെ പാദപങ്കജത്തിൽ.
മാനസമർപ്പിക്ക; ശുദ്ധീകരിക്കുവാൻ,
മാനനീയ 'പിതൃസന്നിധിയിൽ'

# ദൈവവിളികൾ

അതിപുരാതനകാലം മുതൽ പലസ്തീനായിലെ കാർമ്മൽ ഗിരിശൃംഗങ്ങളിൽ വസിച്ചിരുന്ന സന്യാസികളിൽനിന്നുടലെടുത്തിരിക്കുന്നതാണു് കർമ്മലീത്താസഭ. പ. കന്യകയുടെ പ്രത്യേക ശുശ്രൂഷയ്ക്കു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈ സഭയ്ക്കാണു് ആ ദൈവജനനി തന്റെ ഉററസ്നേഹത്തിന്റെയും വിശേഷസംരക്ഷണത്തിന്റെയും നിലനില്ക്കുന്ന അടയാളമായി എഴുനൂറു കൊല്ലങ്ങൾക്കുമുമ്പ് കർമ്മലോത്തരീയം നൽകിയിട്ടുള്ളതു്. മറിയത്തിന്റെ പ്രാർത്ഥനാപരവും പരിത്യാഗപൂർണ്ണവുമായ നാസറത്തിലെ ജീവിതം കഴിയുന്നത്ര അനുകരിക്കയാണു് കർമ്മലീത്താ ഒന്നാംസഭയുടെ പ്രധാനവും പ്രഥമവുമായ ലക്ഷ്യം. ഈ ആന്തരികജീവിതത്തിൽനിന്നും മരിയഭക്തിയിൽനിന്നും അനിർവാര്യമായി പ്രവഹിക്കുന്ന പ്രേഷിതചൈതന്യത്താൽ പ്രേരിതരായി കാലോചിതമായ പ്രവൃത്ത്യുന്മുഖജീവിതം നയിക്കുക കർമ്മലീത്തരുടെ രണ്ടാമത്തെ ലക്ഷ്യമാകുന്നു. ഇപ്രകാരം പ്രേഷിതവൃത്തിയും അതിന്റെ ജീവനാഡിയായ ആന്തരികജീവിതവും ആശ്ചര്യകരമായി യഥാക്രമം സംയോജിപ്പിച്ചിട്ടുള്ള ഒരു പരിപൂർണ്ണ ആദർശമാണു് കർമ്മലീത്തർക്കുള്ളതു്.

അത്യുത്തമമായ ഈ ആദർശം സാഹചര്യങ്ങളനുസരിച്ചു് സ്വജീവിതത്തിൽ പകർത്തി വിശുദ്ധിയുടെ ഉൽകൃഷ്ടപദവി പ്രാപിച്ചിട്ടുള്ള പുണ്യാത്മാക്കളാണു് വി. സൈമൺ സ്റ്റോക്ക്, വേദസാക്ഷികളായ വി. പീററർ തോമസും, വി ആൻജെലൂസും, സിസിലിയിലെ വി. ആൽബെർട്ട്, വി. ആൻഡ്രൂകോർസീനി, കുരിശിന്റെ വി. യോഹന്നാൻ, വി. അമ്മത്രേസ്യാ, പാസ്സിയിലെ വി. മറിയം മഗ്ദലേന, ഫ്ലോറൻസിലെ വി. തെരീസാ മാർഗരററ് റേഡി, മിഷ്യൻപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യാ മുതലായ കർമ്മലീത്തർ.

പ. കന്യകാമറിയത്തിന്റെ സേവനത്തിനു പ്രത്യേകമായ വിധത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന പ്രസ്തുത കർമ്മലീത്താ ഒന്നാംസഭയിൽ പ്രവേശിച്ചു് പ്രാർത്ഥനാപരവും ത്യാഗസമ്പൂർണ്ണവും മരിയാനുഗതവുമായ ഒരു ജീവിതം നയിച്ചുകൊണ്ടു് അനുസരണം ആവശ്യപ്പെടുന്ന പ്രേഷിതവേലകൾ കേരളത്തിനകത്തും പുറത്തും ചെയ്യുന്നതിനാഗ്രഹിക്കുന്ന നിയോഗശുദ്ധരും ഉദാരമതികളും ഉത്സാഹശീലരും ആരോഗ്യവാന്മാരുമായ സ്കൂൾ-ഫൈനൽ & കോളേജ് വിദ്യാർത്ഥികൾ ജൂൺമാസത്തിനുമുമ്പ് താഴെക്കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

അപേക്ഷിക്കേണ്ടും മേൽവിലാസം:

**The Rev. Director, Carmel Apostolic School**
**St. Teresa's Monastery,**
**Banerji Road, ERNAKULAM, 1. P. O.**



ഡോ. ജേക്കബ് തളിയത്തു്.

ജനനം : 14 - 7 - 1896.

മരണം : 22 - 2 - 1956.

"ദയാപരനായ ഈശോയെ
ഇദ്ദേഹത്തിന്റെ ആത്മാവിനു
നിത്യശാന്തി നൽകണമേ."

പുതിയ പുസ്തകം

## ഒസ്സാനാം ആധുനികയുഗത്തിൽ

പരിഭാഷകന്മാർ: മാത്യു മററപ്പള്ളിൽ, ജോസഫ് കുറപ്പംപറമ്പിൽ, ജോസഫ് പാമ്പയ്ക്കൽ

വശങ്ങൾ, 171; 1955. എസ്. എച്ച്. ലീഗ്, ആലുവാ നോർത്ത് P. O. വില 12 ണ.

സാഹോദര്യകോരകം സ്വാർത്ഥതയും അഹന്തയു മാകുന്ന പുഴക്കുത്തേററ് അലങ്കോലപ്പെട്ട്; യശോ കാംക്ഷയും പ്രതികാരേച്ഛയുമാകുന്ന കൊടുങ്കാറേററ തളർന്ന തകർന്ന വീണുകൊണ്ടിരിക്കുന്ന അധുനാ തനകാലത്ത്, സ്നേഹാമൃതഭോജ്യത്താൽ അവശരെ ആശ്വസിപ്പിക്കുന്നതിനു പര്യാപ്തമായ പരിപാടി ആസൂത്രണം ചെയ്ത്, ദീനസേവനം ജീവിതവ്രതമാ യി അനുഷ്ഠിച്ചുകൊണ്ട് ജന്മസാഫല്യം നേടിയ ഒസ്സാനാം എന്ന പുണ്യപുരുഷൻെറ ജീവചരിത്രം സമുദായസമുദ്ധാരണാർത്ഥം അരയും തലയും മുറുക്കി അടരാടാൻ അരങ്ങേറുന്ന ഏതൊരു വ്യക്തിക്കും മാർഗ്ഗ ദീപമത്രേ. സംസ്കൃതമായ ഭാഷയിൽ സരസോ ജ്ജ്വലമായരീതിയിൽ ആശയാവിഷ്കരണം ചെയ്തി രിക്കുന്ന "ഒസ്സാനാം ആധുനികയുഗത്തിൽ" എന്ന കൃതി സഹൃദയരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാ ത്രീഭവിയ്ക്കുമെന്ന നിർവിശങ്കം പ്രസ്താവിക്കാം. പ്രസ്തുത കൃതികൃത്തുകളുടെ സദ്ഉദ്യമത്തിനു നിർവ്യാജമായി അഭിനന്ദനം രേഖപ്പെടുത്തുകയും അനുസ്യൂതമായ സാഹിതീയത്നത്തിന് സഹർഷം സ്വാഗതം അരുളു കയും ചെയ്തുകൊള്ളുന്നു.

വിദ്വാൻ എൻ. കെ. ജോൺ, ബി. ഏ.

---

"ദൈവം തൻെറ അഭീഷ്ടാനുസരണം തിരഞ്ഞെ ടുക്കുന്ന മാർഗ്ഗങ്ങളുപയോഗിച്ച് പ്രകടിതമാക്കുന്ന തൻെറ ദിവ്യ തിരുമനസ്സിനോട് സ്വതന്ത്രമായും മനസ്സറിവോടും നമ്മുടെ ജീവിതത്തെ അനുരൂപപ്പെ ടുത്തിക്കൊണ്ട് അവിടുത്തെ സമീപിക്കുന്നതിലുണ്ട്, ദൈവപിതൃത്വത്തിൻെറ പരമാധികാരം അംഗീകരി ക്കുന്ന പുത്രനിർവ്വിശേഷമായ ഒരു പെരുമാററത്തി ൻെറ സമസ്ത മഹത്വവും. ഈ അംഗീകരണത്തിൽ തന്നെയാണ് സ്ഥിതിചെയ്യുന്നത്, മനുഷ്യനെ ഭൃത്യ ൻെറ നിലയിൽനിന്നു ദൈവത്തിൻെറ മകനായി രൂപാന്തരപ്പെടുത്തുന്ന ശ്രേഷ്ഠതയുള്ള അവകാശവും. ഈ അത്യുച്ചിവരെ എത്തുകയില്ല സ്വാർത്ഥനിബിഡ മായ അഹംഭാവത്തിൻെറ യാതൊരാഗ്രഹവും. അതിനും പുറമേ, നിസ്സംശയം പറയാം, അതി സ്വാഭാവികമായി അഭ്യസിക്കുന്നെങ്കിൽ, സന്യാസാനു സരണത്തിന്, അഹന്തയിൽനിന്നും അഹംഭാവത്തിൽ നിന്നും ഉത്ഭവിക്കുന്ന വ്യക്തിയുടെ സ്വാർത്ഥപരമായ പ്രവണതകളെ ശുദ്ധീകരിക്കുന്നതിന് ഒരു വിശേഷ ശക്തിയുണ്ടെന്ന്. ഉത്ഭവപാപത്തിൽ നിന്നുളവാക ന്ന ഈ ദുഷ്പ്രവണതകളാണല്ലൊ നമ്മുടെ പുരുഷാ ത്മകത്വത്തെ തമോമയമാക്കുന്നത്. ഇതുതന്നെ അനി ഷേധാത്മകമായ ഒരു ന്യായമാണ്, മനുഷ്യൻെറ വ്യക്തിമാഹാത്മ്യത്തെ വിശുദ്ധമാക്കുന്ന പൂർത്തീകരണ മായിട്ട് അനുസരണത്തെ ഗണിക്കുവാൻ........"

വെരി റവ. ഫാ. അനസ്താസ്, ഒ. സി. ഡി.
സുപ്പിരിയർ ജനറൽ.

---

## ഈ ലക്കത്തിൽ


| | | |
|---|---|---|
| 1. | ആ വ്യക്തിവിലാസം | 33 |
| 2. | ജെയ് ജെയ് പോപ്പുരാജൻ | 36 |
| 3. | ധർമ്മ സാർവഭൌമൻ | 39 |
| 4. | മാലാഖാസദൃശൻ പീയൂസ് ദ്വാദശൻ | 43 |
| 5. | "രക്തം ചിന്താത്ത വേദസാക്ഷി" | 47 |
| 6. | പോപ്പുരാജനും മേരിറാണിയും | 50 |
| 7. | പന്ത്രണ്ടാം പീയൂസ് | 53 |
| 8. | Pope Pius XII-An Appreciation | 56 |
| 9. | പിതൃസന്നിധിയിൽ | 62 |
| 10. | ദൈവവിളികൾ | 63 |
| 11. | പുതിയ പുസ്തകം | 64 |

# കാർമ്മൽ

കേരളത്തിലെ നിഷ്പാദുക കർമ്മലീത്താ ഒന്നാം സഭാസന്യാസികളുടെ മേൽനോട്ടത്തിൽ
ജാനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന

## ★ ഒരു ത്രൈമാസികം ★

ഉദ്ദേശ്യങ്ങൾ —അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക,
മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവർത്തനങ്ങൾ പുലർത്തുക മുതലായവ.

**വരിപ്പണം ആണ്ടൊന്നിനു് മുൻകൂർ ഒന്നരരൂപാ**

വരിപ്പണത്തിന്റെ മൂന്നിലൊന്നു് **കമ്മീഷൻ** ഏജന്റന്മാർക്കു്.

കത്തിടപാടുകൾക്കുള്ള മേൽവിലാസം:

വരിപ്പണം സംബന്ധിച്ചു്:—
മാനേജർ, "കാർമ്മൽ", സെന്റ് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം 1 P. O.

ലേഖനങ്ങൾ സംബന്ധിച്ചു്:—
പത്രാധിപർ, "കാർമ്മൽ", കർമ്മലീത്താ ആശ്രമം, തക്കല P. O

# മുത്തുമണികൾ

അത്യുത്തമം:-

ആദ്യകുർബാന സ്വീകരണം, സ്ഥൈര്യലേപനം, വാർഷികധ്യാനം, വ്രതവാഗ്ദാനമാദിയായ സന്ദർഭങ്ങളിൽ വിതരണം ചെയ്യുവാൻ, കുട്ടികൾക്കു ഹൃദിസ്ഥമാക്കുവാൻ, ഏവർക്കും ചിന്തിക്കുവാൻ

| | രൂപ. | ണ. | പ. |
|---|---|---|---|
| ഒററ പ്രതിക്കു് | 0 | 0 | 9 |
| 25 പ്രതികൾക്കു് | 1 | 0 | 0 |
| 100 ,, | 3 | 8 | 0 |
| 500 ,, | 16 | 0 | 0 |
| 1000 ,, | 30 | 0 | 0 |

## ഞങ്ങളുടെ മററു ചില പ്രസിദ്ധീകരണങ്ങൾ

| | | ക. | ണ | സ. |
|---|---|---|---|---|
| 1 | ഞാൻ കണ്ട യൂറോപ്പ് | 0 | 8 | 0 |
| 2. | ആത്മപോഷിണി | 0 | 6 | 0 |
| 3. | കർമ്മലമാതാവിനോടുള്ള പ്രാർത്ഥനകൾ | 0 | 2 | 6 |
| 4. | കർമ്മല മൂന്നാംസഭാ മാനുവൽ | 0 | 8 | 0 |
| 5. | കർമ്മലോത്തരീയഭക്തി | 0 | 1 | 0 |
| 6. | കർമ്മലീത്താ മൂന്നാംസഭാ പ്രാർത്ഥനകൾ | 0 | 2 | 0 |
| 7. | വി. യോഹന്നാൻ ക്രൂസിന്റെ കരുതലുകൾ | 0 | 1 | 6 |
| 8. | മരിയാനുകരണം | 0 | 10 | 0 |
| 9. | സുകൃതസരണി | 1 | 14 | 0 |
| 10. | കല കമ്മ്യൂണിസ്റ്റ് റഷ്യയിൽ | 0 | 7 | 0 |
| 11 | മരിയമകനീശോ | 0 | 14 | 0 |

*Manager,*
ST. JOSEPH'S PRESS,
TRIVANDRUM—1.

# ST JOSEPH'S PRESS, TRIVANDRUM

**PRINTERS & PUBLISHERS**




**We undertake Printing in**

MALAYALAM
ENGLISH
TAMIL
SANSKRIT
&
HINDI

**Colour Printing our**

SPECIALITY

*A Variety of Papers in Stock*


## തിരുവുത്തരീയത്തിൻെറ പ്രേഷിതകേന്ദ്രം

ഉത്തരീയഭക്തരുടെ വാസനാവൈവിധ്യത്തെ കഴിയുന്നത്ര തൃപ്തിപ്പെടുത്തുന്നതിന് വിവിധ തരത്തിലുള്ള കർമ്മലോത്തരീയങ്ങൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ചെറിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസന് 12 ണ. വലിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസന് 15 ണ. ചെറിയതട്ടുള്ള പ്ലാസ്റ്റിക്ക പൊതിഞ്ഞ ഉത്തരീയം ഡസന് 1 ക. 2ണ., വലിയതട്ടും നീളം കൂടിയ ചരടുമുള്ള പ്ലാസ്റ്റിക്ക പൊതിഞ്ഞ ഉത്തരീയം ഡസന് 1 ക. 8 ണ. കറുപ്പ്, ചുവപ്പ് എന്നീ നിറങ്ങളിലുള്ള പട്ടുചരടാണ് സാധാരണയായി ഉത്തരീയത്തിന് ഉപയോഗിച്ചിരിക്കുന്നത്.

ഉത്തരീയഭക്തിയെ സംബന്ധിച്ച ചെറുപുസ്തകത്തിന് 1½ ണ. പ്രാർത്ഥനാസഹിതമുള്ളതിന 2½ ണ. ഡസന് 2 കമ്മീഷനും നൽകുന്നതാണ്. കച്ചവടക്കാർക്ക്, 10 ഡസൻ ഉത്തരീയമെങ്കിലും ആവശ്യപ്പെടുന്ന പക്ഷം, ഡസന് 1 ണയും, 25 ഡസൻ ആവശ്യപ്പെടുന്നപക്ഷം 2 ണയും കമ്മീഷൻ കൊടുക്കുന്നതാണ്. എന്നാൽ അവർക്ക് വി. പി. പി. ആയിട്ടേ അയച്ചുകൊടുക്കാൻ നിവൃത്തിയുള്ളു.

ഉത്തരീയത്തിൻെറ വില മണിഓർഡർ ആയോ ചെക്കായോ (Crossed Cheque) അയയ്ക്കാം. ചെക്ക് അയയ്ക്കുന്നവർ ദയവായി ബാങ്കുകമ്മീഷൻ കൂടെ അയച്ചുതരുവാൻ വിസ്മരിക്കരുത്. ഉത്തരീയത്തിൻെറ വില താമസംവിനാ അയച്ചാൽമാത്രമേ പുതിയ ഉത്തരീയങ്ങൾ വീണ്ടും തയ്യാറാക്കുന്നതിന സാധിക്കയുള്ളു. ആകയാൽ ഇക്കാര്യത്തിൽ ഏവരുടേയും സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു. ഉത്തരീയഭക്തരുടെ ആവശ്യാനുസരണം ഉത്തരീയം നൽകണമെന്നല്ലാതെ ലാഭമുണ്ടാക്കണമെന്ന ഉദ്ദേശ്യം ഞങ്ങൾക്കില്ല.

താഴെക്കാണുന്ന വിലാസത്തിൽ ആവശ്യപ്പെടുക.

Director, Scapular Apostolate, Carmel Hill Monastery, Trivandrum- 1.

Edited by Very Rev. Fr Eliseus O. C. D., printed and published by Rev. Br. Fidelis O. C. D, at St. Joseph's Press, Trivandrum, with permission of Eccl. Superiors.